VOL NO: 08 I ISSUE 29
2024 JULY 20 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



സാമൂഹികപുരോഗതിയുടെ ഏതു മേഖലയിലുമെന്ന പോലെ സ്ത്രീ വിദ്യാഭ്യാസരംഗത്തും തികഞ്ഞ പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചവരാണ് കേരളത്തിലെ സമസ്തക്കാർ. പുതിയ കാലത്തെ അവരുടെ മാറ്റത്തെ ശ്ലാഘിക്കുന്നതോടൊപ്പം തന്നെ അന്നത്തെ തീരുമാനങ്ങൾക്ക് താത്ത്വിക പരിവേഷം ചമയ്ക്കാനുള്ള ശ്രമങ്ങളോട് ശക്തമായി വിയോജിക്കുകയും ചെയ്യുന്നു.

# സ്ത്രീ വിദ്യാഭ്യാസം; സമസ്തയുടെ പഴയ പ്രമേയങ്ങളും പുതിയ അവകാശവാദങ്ങളും

**മാറണം, മാറ്റണം ഈ വിദ്യാഭ്യാസരീതി**

|| വിഷാദ രോഗം; കാരണങ്ങളും ചികിത്സയും

|| വളരുന്ന ശതകോടീശ്വരന്മാരും ഉയരുന്ന ദാരിദ്ര്യവും

|| പത്താം വാർഷിക സമ്മേളനവും കാർഷിക പ്രദർശനവും




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

0391

# നേർപഥം
വാരിക

2024 ജൂലായ് 20
1446 മുഹർറം 14
പുസ്തകം 08 / ലക്കം 29






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി





**മൂസ സ്വലാഹി കാര**
സാമൂഹികപുരോഗതിയുടെ ഏതു മേഖലയിലുമെന്ന പോലെ സ്ത്രീ വിദ്യാഭ്യാസരംഗത്തും തികഞ്ഞ പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചവരാണ് കേരളത്തിലെ സമസ്തക്കാർ. പുതിയ കാലത്തെ അവരുടെ മാറ്റത്തെ ശ്ലാഘിക്കുന്നതോടൊപ്പം തന്നെ അന്നത്തെ തീരുമാനങ്ങൾക്ക് താത്ത്വിക പരിവേഷം ചമയ്ക്കാനുള്ള ശ്രമങ്ങളോട് ശക്തമായി വിയോജിക്കുകയും ചെയ്യുന്നു.

**05** മുഖമൊഴി
വളരുന്ന ശതകോടീശ്വരന്മാരും ഉയരുന്ന ദാരിദ്ര്യവും

**06** പഠനം
വ്യതിയാനങ്ങളെ സൂക്ഷിക്കുക
ശമീർ മദീനി

**18** ചരിത്രപഥം
പത്താം വാർഷിക സമ്മേളനവും കാർഷിക പ്രദർശനവും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ: യാസീൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ആരോഗ്യപഥം
വിഷാദ രോഗം; കാരണങ്ങളും ചികിത്സയും
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**30** അനുഭവക്കുറിപ്പ്
വല്ല്യുമ്മ നൽകിയ തണൽ
ഹന്ന മുഹമ്മദ്

**31** വനിതാപഥം
ഉമ്മമാർ അറിയാൻ
ബിസ്മിത എം
തിരുവനന്തപുരം

**32** വീക്ഷണം
മാറണം, മാറ്റണം ഈ വിദ്യാഭ്യാസരീതി
മുഹമ്മദ് സിയാദ് വാരണാക്കര

**34** ഖണ്ഡകാവ്യം
പരലോക ചിന്തകൾ
വെള്ളില പി.പി. അബ്ദുല്ല



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# മാസപ്പിറവി വിവാദം അവസാനിപ്പിച്ചുകൂടേ?

ഈ വർഷത്തെ താസൂആഅ്-ആശൂറാഅ് നോമ്പ് ചിലർക്ക് തിങ്കൾ-ചൊവ്വ ദിവസങ്ങളിലും ചിലർക്ക് ചൊവ്വ-ബുധൻ ദിവസങ്ങളിലുമായത് കടത്തിണ്ണകളിൽ പോലും സംസാരവിഷയമാണ്. ഇവരൊക്കെ എന്താണ് സമുദായത്തെ ഇങ്ങനെ കുരങ്ങുകളിപ്പിക്കുന്നത് എന്ന് ഒരു സാധാരണക്കാരൻ ചോദിക്കുന്നതു കേൾക്കാൻ കഴിഞ്ഞു. ജനങ്ങളുടെ ആക്ഷേപത്തിൽ അവരെ കുറ്റം പറയാൻ കഴിയില്ല.

വാസ്തവത്തിൽ എന്താണ് ഈ വിഷയത്തിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? ആരാണ് ഭിന്നതയുടെ വാതിലുകൾ തുറക്കുന്നത്. ആരാണ് പ്രമാണങ്ങളുടെ കൂടെ സത്യസന്ധമായി നിലകൊള്ളുന്നത്? ഇക്കാര്യം വസ്തുനിഷ്ഠമായി നാം മനസ്സിലാക്കേണ്ടതുണ്ട്. അപ്പോൾ തീരും സംശയങ്ങളെല്ലാം.

എല്ലാ മാസത്തിന്റെയും പിറവി നോക്കേണ്ടതുണ്ടെന്ന് ഒരു വിഭാഗം. റമദാൻ, ശവ്വാൽ, ദുൽഹിജ്ജ എന്നീ നോമ്പ്-പെരുന്നാൾ മാസങ്ങൾ നിശ്ചയിക്കാൻ മാത്രം മാസപ്പിറവി നോക്കിയാൽ മതി എന്ന് മറുവിഭാഗം. എല്ലാ മാസങ്ങളും നബി(സ്വ) നിശ്ചയിച്ചത് പിറവിയുടെ കാഴ്ചയെ അടിസ്ഥാനപ്പെടുത്തിയാണ് എന്നതാണ് യാഥാർഥ്യം. ഈ വസ്തുത അംഗീകരിക്കാൻ എല്ലാവരും തയ്യാറായാൽ പ്രശ്നം തീരും.

നബി(സ്വ) മുഹർറം തീയതികൾ നിശ്ചയിച്ചതെങ്ങനെയെന്നും ആശുറാഅ് നോമ്പ് അനുഷ്ഠിച്ചതെങ്ങനെയെന്നും വ്യക്തമാക്കുന്ന ഹദീസ് കാണുക: ഹകമുബ്നു അഅ്റജ്(റ) ഉദ്ധരിക്കുന്നു: "ഞാൻ ഇബ്നു അബ്ബാസി(റ)ന്റെ അടുത്ത് ചെന്നു. അദ്ദേഹം സംസമിന്റെ അടുത്ത് തന്റെ മേൽത്തട്ടം തലയണയാക്കി കിടക്കുകയായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'ആശൂറാഅ് നോമ്പിനെപ്പറ്റി എനിക്ക് പറഞ്ഞു തരൂ.' അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'നീ മുഹർറം പിറവി കണ്ടാൽ പിന്നെ ദിവസം എണ്ണി ഒമ്പതാം ദിവസം നോമ്പുകാരനായിക്കൊള്ളുക.' ഞാൻ ചോദിച്ചു: 'നബി(സ്വ) ഇങ്ങനെയാണോ നോമ്പെടുത്തത്?' അദ്ദേഹം പറഞ്ഞു: 'അതെ' (മുസ്ലിം: 1133)

മുഹർറം മാസപ്പിറവി കണ്ടതുമുതൽ 9 ദിവസം എണ്ണിക്കണക്കാക്കിയാണ് മുഹർറം 9ന്റെ നോമ്പ് നോൽക്കേണ്ടത് എന്ന് ഇതിൽനിന്നും വ്യക്തമാണ്.

'കൽപനയുടെ രൂപത്തിൽ നബി(സ്വ) ആവശ്യപ്പെട്ടത് റമദാൻ, ശവ്വാൽ, ദുൽഹിജ്ജ എന്നീ നോമ്പ്- പെരുന്നാൾ മാസങ്ങളുടെ ഹിലാൽ കാണാനാണ്. ഇതര മാസങ്ങളുടെ കാര്യത്തിൽ അങ്ങനെയൊരു കല്പനയില്ല. അതുകൊണ്ട് ഇതരമാസങ്ങൾ നിർണയിക്കാൻ പിറവി കാണേണ്ട ആവശ്യമില്ല' എന്ന വാദം ശരിയല്ല. നബി(സ്വ) കൽപിച്ചതും പ്രവർത്തിച്ചു കാണിച്ചതും മൗനാനുവാദം നൽകിയതുമെല്ലാം ദീനിന്റെ ഭാഗമാണ്. ശഅ്ബാൻ, മുഹർറം മാസങ്ങൾ നബി(സ്വ) എങ്ങനെ നിശ്ചയിച്ചു കാണിച്ചു എന്നതിന് ഹദീസുകളുണ്ട്. അതിനാൽ ആ മാസങ്ങൾ നിശ്ചയിക്കുന്നതിന് നബി(സ്വ) അവലംബിച്ച രീതി തന്നെ സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണ്. അത് കാഴ്ചയാണ്. കേവലം കണക്കിനെയും കലണ്ടറിനെയും ആശ്രയിക്കുന്നത് പ്രമാണത്തോട് യോജിക്കുന്ന രീതിയല്ല.

ചന്ദ്രമാസം കണക്കാക്കുവാൻ വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങളെയാണ് അവലംബിക്കുന്നത്. ഓരോ മാനദണ്ഡം സ്വീകരിക്കുമ്പോഴും വ്യത്യസ്ത ദിനങ്ങളിലാണ് മാസമാരംഭിക്കുക. ന്യൂമൂൺ കലണ്ടർ (പഴയ ഹിജ്റ കലണ്ടർ) പ്രകാരം ജൂലായ് 5നും ന്യൂമൂൺ (ഐഡിഎൽ) കലണ്ടർ (ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യയുടെ കലണ്ടർ) പ്രകാരം ജൂലായ് 6നും ചക്രവാളത്തിൽ സൂര്യാസ്തമയ ശേഷമുള്ള ചന്ദ്രസാന്നിധ്യം (മൂൺ സെറ്റ് ലാഗ് കലണ്ടർ) പ്രകാരം ജൂലായ് 7നും ഇലോംഗേഷൻ ആംഗിൾ (8ഡിഗ്രി) കലണ്ടർ പ്രകാരം ജൂലായ് 8നുമാണ് മുഹർറത്തിന്റെ ആരംഭം. നോമ്പ്-പെരുന്നാൾ മാസങ്ങളല്ലാത്തവയ്ക്ക് കണക്ക് ഉപയോഗിക്കാമെന്ന് വാദിക്കുന്നവർ ഇതിൽ ഏത് കലണ്ടറിലെ കണക്കാണ് പിന്തുടരുക?

**-അബൂഹംദാൻ, മഞ്ചേരി**

# വളരുന്ന ശതകോടീശ്വരന്മാരും ഉയരുന്ന ദാരിദ്ര്യവും

“നിങ്ങളുടെ ഗ്രാമത്തിലെ ഏറ്റവും അവസാനത്തെ നിവൃത്തികെട്ട മനുഷ്യന്റെ മുതുകിൽ സാന്ത്വനത്തിന്റെ കരസ്പർശം എന്നാണാവോ പതിയുന്നത്; അന്നു മാത്രമെ നിങ്ങളുടെ ഗ്രാമം വികസിതമാണ്, ഗ്രാമവാസികൾ സംസ്കാരസമ്പന്നരാണ് എന്ന് ഞാൻ കരുതുകയുള്ളൂ.”

വികസനത്തെയും സംസ്കാരത്തെയും സംബന്ധിച്ച മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടാണ് മുകളിലുദ്ധരിച്ചത്. ആരാണ് സമൂഹത്തിലെ നിവൃത്തികെട്ടവർ? ഗാന്ധിയുടെ കാഴ്ചപ്പാടിൽ നാട്ടിൻപുറത്തെ ദരിദ്രരാണ്. അതായത് ദളിതരും പിന്നാക്കക്കാരും സ്ത്രീകളും കുഞ്ഞുങ്ങളുമൊക്കെ അടങ്ങുന്ന, ആധുനികസമൂഹം ദുർബല വിഭാഗങ്ങൾ എന്ന ഓമനപ്പേരിട്ടു വിളിക്കുന്നവർ. അതുകൊണ്ടാണ് ലോകത്തിലെല്ലായിടത്തും ഒരു സമൂഹം വികസിതമാണോ എന്നതിന്റെ ഏറ്റവും പ്രധാന സൂചകമായി ആ സമൂഹത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും നില പരിശോധിക്കുന്നത്.

ഐക്യരാഷ്ട്ര സഭയുൾപ്പെടെയുള്ള പൊതുപ്രസ്ഥാനങ്ങൾ രാജ്യങ്ങളുടെ സാമൂഹ്യപദവി അളക്കുന്നതിന് മുഖ്യമായും സ്ത്രീകളുടെയും കുട്ടികളുടെയും നില പരിശോധിക്കുകയാണ് ചെയ്യുന്നത്. ഗുജറാത്തിലെ വികസന നിലയെക്കുറിച്ച് ഹിന്ദുത്വവാദികൾ വാചാലരാകുമ്പോൾ ആ സംസ്ഥാനത്തെ കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവും ശിശുമരണനിരക്കുമൊക്കെ പ്രധാന ചർച്ചാവിഷയമാകുന്നതും അതുകൊണ്ടുതന്നെ.

ഇന്ന് ഇന്ത്യയുടെ അവസ്ഥയെന്താണ്? ഗാന്ധിജി ആഗ്രഹിച്ചതുപോലെ, അവസാനത്തെ എന്നല്ല; നിവൃത്തികെട്ട ഏതെങ്കിലും മനുഷ്യന്റെ മുതുകിൽ സാന്ത്വനത്തിന്റെ കരസ്പർശം പതിയുന്നുണ്ടോ? സാന്ത്വനവും കരുതലിന്റെ കരസ്പർശവുമെല്ലാം കിട്ടുന്നത് കോർപറേറ്റുകൾക്കു മാത്രം! നിലനിൽപിനായി രാജ്യത്തെ കർഷകർ സമരപാതയിലാണ്. തൊഴിലില്ലായ്മയും അവശ്യവസ്തുക്കളുടെ അന്യായമായ വിലവർധനവും നിമിത്തം പട്ടിണിയിലാകുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുന്നു.

എണ്ണപ്പെട്ട ശതകോടീശ്വരന്മാർക്കായി ഭരണചക്രം കറങ്ങുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ അവർക്ക് തുച്ഛമായ വിലയ്ക്ക് തീറെഴുതിക്കൊടുക്കുന്നു. ഇന്ത്യൻ ജനത വിയർപ്പൊഴുക്കിയും ചോര നീരാക്കിയും ഉണ്ടാക്കുന്ന സമ്പത്ത് കോർപ്പറേറ്റുകൾ കൈയടക്കുന്നു എന്നർഥം.

പട്ടിണിക്കാരുടെയും പോഷകാഹാരക്കുറവുള്ളവരുടെയും എണ്ണം കണക്കാക്കുന്ന ഗ്ലോബൽ ഹംഗർ ഇൻഡക്സിൽ 2021ൽ 101ാം സ്ഥാനത്തായിരുന്നു ഇന്ത്യ. 2022ൽ ആറ് റാങ്ക് താഴ്ന്ന് 107ൽ എത്തി. നിലവിൽ പാകിസ്താനും ബംഗ്ലാദേശിനും നേപ്പാളിനും പിറകിലാണ് ഇന്ത്യ! ജനസംഖ്യയിൽ ഇന്ത്യയുടെ തൊട്ടടുത്ത് നിൽക്കുന്ന ചൈനയടക്കം തുർക്കി, കുവൈത്ത് ഉൾപ്പെടെ 17 രാജ്യങ്ങൾ ആദ്യ അഞ്ചിനുള്ളിലുണ്ട്

നരേന്ദ്രമോദി സർക്കാർ ഭരണം തുടങ്ങിയ 2014 മുതൽ ഇന്ത്യയുടെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണെന്ന പ്രതിപക്ഷത്തിന്റെ അഭിപ്രായം വെറും ആരോപണമല്ലെന്നു വ്യക്തം. പട്ടിണിയും പോഷകാഹാരക്കുറവും പോലുള്ള യഥാർഥ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രധാനമന്ത്രി തയ്യാറല്ല എന്നതും ആയിരക്കണക്കിനു കോടികൾ ചെലവാക്കി പ്രതിമകൾ സ്ഥാപിക്കുന്നതിലും പ്രതിലോമ ചിന്തകൾ വളർത്തുന്നതിലുമാണ് ശ്രദ്ധ എന്നതുമാണ് ഏറ്റവും വലിയ ദുരന്തം.



ശമീർ മദീനി
: 9048 221 212

നബി (സ്വ) പറഞ്ഞു: “ജൂതന്മാർ 71 കക്ഷികളായി വേർപിരിഞ്ഞു. ക്രിസ്ത്യാനികൾ 72 വിഭാഗങ്ങളായും ഭിന്നിച്ചു. ഈ സമുദായമാകട്ടെ 73 വിഭാഗങ്ങളായി ഭിന്നിക്കുന്നതാണ്” (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, ഹാകിം). ഭിന്നത അഭിലഷണീയമല്ലെന്നും ഐക്യത്തോടെ നന്മയുടെ വഴിയിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടതെന്നും ക്വുർആനും ഹദീസുകളും ആവർത്തിച്ചുണർത്തിയിട്ടുള്ളതാണ്. എങ്കിലും അല്ലാഹുവിന്റെ ‘ക്വദാഇ’ന്റെ (വിധിയുടെ) ഭാഗമായി ഭിന്നതകൾ സംഭവിക്കുമെന്നത് സത്യമാണെന്നകാര്യം നാം മറക്കരുത്. സാധ്യമാകുന്നത്ര ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും ഒഴിവാക്കി ഒത്തൊരുമിച്ച് നിൽക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. മതം പഠിപ്പിച്ചതും കാലഘട്ടം ആവശ്യപ്പെടുന്നതും അതുതന്നെയാണ്.

# വ്യതിയാനങ്ങളെ സൂക്ഷിക്കുക

ജീവിതത്തിന്റെ നിഖിലമേഖലകളിലും എങ്ങനെ സഞ്ചരിക്കണമെന്ന കൃത്യവും വ്യക്തവുമായ ദൈവികമാർഗനിർദേശങ്ങളാണ് മതത്തിന്റെ കാതൽ. അത് അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹം തന്നെയാണ്. മറ്റു പലരും സ്വന്തം ഇഷ്ടങ്ങളെയോ അല്ലെങ്കിൽ ന്യൂനതകൾ എമ്പാടുമുള്ള മറ്റുള്ളവരുടെ മാർഗനിർദേശങ്ങളെയോ ആണ് പിൻപറ്റുന്നതെങ്കിൽ സത്യവിശ്വാസി സർവലോക സ്രഷ്ടാവും നിയന്താവും സംരക്ഷകനുമായ അല്ലാഹുവിന്റെ മാർഗനിർദേശങ്ങളെയാണ് പിൻപറ്റുന്നത് എന്ന കാര്യം ഇസ്‌ലാമിനെയും വിശ്വാസിയെയും വ്യതിരിക്തമാക്കുന്നതാണ്.

ഒന്നാമത്തെ മനുഷ്യൻ മുതലുള്ള സർവരോടും അല്ലാഹു നിർദേശിച്ചതും പ്രസ്തുത മാർഗം പിൻപറ്റുവാനും അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുവാനുമാണ്. പ്രസ്തുത ദൈവികനിർദേശങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങൾ സൂക്ഷിക്കുവാനും ക്വുർആനും സുന്നത്തും പലരൂപത്തിൽ ആഹ്വാനം ചെയ്തിട്ടുമുണ്ട്. അത്തരം വ്യതിചലനങ്ങളിലൂടെ സംഭവിക്കാനിരിക്കുന്ന ദുരന്തങ്ങളെയും അപകടങ്ങളെയും സംബന്ധിച്ചും ക്വുർആൻ മനുഷ്യരാശിയെ ഓർമപ്പെടുത്തിയിട്ടുമുണ്ട്.

അല്ലാഹു പറയുന്നു: "എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായനിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്. അവൻ പറയും: 'എന്റെ രക്ഷിതാവേ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ!' അല്ലാഹു പറയും: 'അങ്ങനെ തന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അതുപോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു. അതിരുകവിയുകയും തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാതിരിക്കുകയും ചെയ്തവർക്ക് അപ്രകാരമാണ് നാം പ്രതിഫലം നൽകുന്നത്. പരലോകത്തെ ശിക്ഷ കൂടുതൽ കഠിനമായതും നിലനിൽക്കുന്നതും തന്നെയാകുന്നു" (20:124-127).

ഈ ലോകത്തെ നഷ്ടത്തെ കുറിച്ചു മാത്രമല്ല, മരണാനന്തരം പരലോക ജീവിതത്തിലെ നഷ്ടത്തെയും പരാജയത്തെയും കുറിച്ചു കൂടിയാണ് മേൽവചനങ്ങൾ മുന്നറിയിപ്പു നൽകുന്നത്.

ഭൂമിയിൽ കാണുന്ന പല ദുരന്തങ്ങളെയും അപകടങ്ങളെയും വിലയിരുത്തുമ്പോൾ അവയുടെ പിന്നിലെ അതിരുവിട്ട മനുഷ്യന്റെ കയ്യേറ്റങ്ങൾ നമുക്ക് കാണാവുന്നതാണ്. ഹിരോഷിമയിലും നാഗസാക്കിയിലും കണ്ടതും 'എയ്ഡ്സ്' പോലുള്ള മാരകരോഗങ്ങളുടെ പിന്നിൽ കാണുന്നതും മനുഷ്യരുടെ അന്യായമായ ഇടപെടലുകൾ തന്നെയാണ്.

ക്വുർആൻ പറയുന്നു: "മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (30:41).

### വ്യതിയാനങ്ങളിൽനിന്ന് രക്ഷതേടൽ

ഇസ്‌ലാമിന്റെ നേരായ പാതയിൽനിന്ന് ആളുകൾ വ്യതിചലിക്കുമെന്നത് സത്യമാണ്. മുഹമ്മദ് നബി (സ്വ) അത് ഉണർത്തുകയും ചെയ്തിട്ടുണ്ട്. മുമ്പുള്ള സമുദായങ്ങളിലും ഇത്തരം വ്യതിചലനങ്ങൾ ഉണ്ടായത് ഓർമിപ്പിച്ചുകൊണ്ടുതന്നെ നബി(സ്വ) സമുദായത്തെ അതിന്റെ ദോഷവശങ്ങളെക്കുറിച്ച് പലപ്പോഴായി താക്കീത് ചെയ്തിട്ടുണ്ട്.

നബി (സ്വ) പറഞ്ഞു: "ജൂതന്മാർ 71 കക്ഷികളായി വേർപിരിഞ്ഞു. ക്രിസ്ത്യാനികൾ 72 വിഭാഗങ്ങളായും ഭിന്നിച്ചു. ഈ സമുദായമാകട്ടെ 73 വിഭാഗങ്ങളായി ഭിന്നിക്കുന്നതാണ്" (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, ഹാകിം).

ഭിന്നത അഭിലഷണീയമല്ലെന്നും ഐക്യത്തോടെ നന്മയുടെ വഴിയിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടതെന്നും ക്വുർആനും ഹദീസുകളും ആവർത്തിച്ചുണർത്തിയിട്ടുള്ളതാണ്. എങ്കിലും അല്ലാഹുവിന്റെ 'ക്വദാഇ'ന്റെ (വിധിയുടെ) ഭാഗമായി ഭിന്നതകൾ സംഭവിക്കുമെന്നത് സത്യമാണെന്നകാര്യം നാം മറക്കരുത്. സാധ്യമാകുന്നത്ര ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും ഒഴിവാക്കി ഒത്തൊരുമിച്ച് നിൽക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. മതം പഠിപ്പിച്ചതും കാലഘട്ടം ആവശ്യപ്പെടുന്നതും അതുതന്നെയാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചു പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു" (8:46).

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന്

ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്” (3:105).

ഈ മാർഗഭ്രംശങ്ങളുടെ അടിസ്ഥാനകാരണങ്ങളും അതിൽനിന്ന് രക്ഷപ്പെടാനുള്ള വഴികളും നബി(സ്വ) നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. മുമ്പ് ഉദ്ധരിച്ച ‘എന്റെ സമുദായം 73 കക്ഷികളായി പിരിയും’ എന്ന ഹദീസിന്റെ ബാക്കിഭാഗംതന്നെ അക്കാര്യം ഉണർത്തുന്നുണ്ട്.

നബി(സ്വ) പറഞ്ഞു: ‘പ്രസ്തുത 73ൽ ഒന്നൊഴികെ ബാക്കിയെല്ലാം നരകത്തിന്റെ പാതയിലാണ്.’ അപ്പോൾ ചോദിക്കപ്പെട്ടു: ‘പ്രവാചകരേ, ആരാണ് ആ രക്ഷപ്പെടുന്ന വിഭാഗം?’ നബി(സ്വ) പറഞ്ഞു: ‘ഞാനും എന്റെ സ്വഹാബത്തും നിലകൊണ്ട മാർഗത്തിൽ നിലകൊള്ളുന്നവർ.’

‘ഭിന്നിച്ചു വേർപിരിഞ്ഞ എല്ലാ കക്ഷികളും എന്റെ സമുദായത്തിന്റെ ഭാഗമായതുകൊണ്ട് അതിൽ ഏതിൽ ആയിരുന്നാലും കുഴപ്പമില്ല’ എന്നല്ല നബി(സ്വ) പറഞ്ഞുതന്നത്. മറിച്ച്, എഴുപത്തിമൂന്നിൽ 72ലും ഉൾപ്പെടാതെ സൂക്ഷിക്കുവാനും, രക്ഷയുടെ വിഭാഗത്തിന്റെ അടയാളങ്ങൾ വ്യക്തമാക്കി, അതിന്റെ കൂടെ നിൽക്കാനുമാണ്.

നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് അനുവർത്തിച്ചതുമായ മാർഗം പിൻപറ്റി വ്യതിയാനത്തിന്റെ അപകടങ്ങളിൽനിന്ന് സുരക്ഷ ഉറപ്പാക്കണം എന്നാണ് പ്രസ്തുത ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. വിശുദ്ധ ക്വുർആനിന്റെ സൂക്തങ്ങളും ഈ ആശയം നമ്മെ പഠിപ്പിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: “തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തിരിഞ്ഞവഴിക്കുതന്നെ നാം

> ഏതു വിഷയങ്ങളിലാണെങ്കിലും സച്ചരിതരായ മുൻഗാമികളുടെ ആശയാദർശങ്ങൾ ഏതെന്ന് പഠിച്ചറിഞ്ഞ് പിൻപറ്റാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് നാം നേരിന്റെ വഴിയിലാണെന്ന് ഉറപ്പിക്കാൻ സാധിക്കുക. കാരണം അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടതും പ്രവാചകന്റെ അനുചരന്മാരായി നിയോഗിച്ചതും. അവരാണ് ഇസ്‌ലാമിനെ നേരിട്ട് മനസ്സിലാക്കി, സംശയങ്ങൾ ദൂരീകരിച്ച്, പ്രവാചക ഗുരുമുഖത്തു നിന്നും ദീൻ പകർന്നെടുത്തവരും അത് പ്രയോഗവത്കരിച്ച് കാണിച്ചവരും. അങ്ങനെയുള്ള അവർ വഴികേടിലും പിൽകാലക്കാർ നേർമാർഗത്തിലും ആവുക എന്നത് ഒരിക്കലും ഉണ്ടാവുകയില്ല.

അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!”(4:115).

“മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം” (9:100).

ഏതു വിഷയങ്ങളിലാണെങ്കിലും സച്ചരിതരായ മുൻഗാമികളുടെ ആശയാദർശങ്ങൾ ഏതെന്ന് പഠിച്ചറിഞ്ഞ് പിൻപറ്റാൻ നമുക്ക് സാധിക്കുമ്പോൾ മാത്രമാണ് നാം നേരിന്റെ വഴിയിലാണെന്ന് ഉറപ്പിക്കാൻ സാധിക്കുക. കാരണം അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടതും പ്രവാചകന്റെ അനുചരന്മാരായി നിയോഗിച്ചതും. അവരാണ് ഇസ്‌ലാമിനെ നേരിട്ട്

മനസ്സിലാക്കി, സംശയങ്ങൾ ദൂരീകരിച്ച്, പ്രവാചക ഗുരുമുഖത്തുനിന്നും ദീൻ പകർന്നെടുത്തവരും അത് പ്രയോഗവത്കരിച്ച് കാണിച്ചവരും. അങ്ങനെയുള്ള അവർ വഴികേടിലും പിൽകാലക്കാർ നേർമാർഗത്തിലും ആവുക എന്നത് ഒരിക്കലും ഉണ്ടാവുകയില്ല.

നേർമാർഗത്തിൽനിന്ന് വ്യതിചലിക്കാനുള്ള ഒരു പ്രധാന കാരണം ദീനിന്റെ ശരിയായ ആശയങ്ങൾ കൃത്യവും കണിശവുമായി പഠിക്കാനും പിൻപറ്റുവാനുമുള്ള വിമുഖതയും മറ്റ് വിഭാഗങ്ങളുടെ രീതികളെ അനുകരിക്കുന്നതുമാണ്.

നബി(സ്വ) പറയുന്നു: 'തീർച്ചയായും നിങ്ങൾ നിങ്ങൾക്കു മുമ്പുള്ളവരുടെ മാർഗങ്ങളെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുകതന്നെ ചെയ്യും. എത്രത്തോളമെന്നാൽ, അവരെങ്ങാനും ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിക്കുകയാണെങ്കിൽ നിങ്ങളും അതിൽ കടക്കും.' സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജൂത-ക്രൈസ്തവരെയാണോ ഉദ്ദേശിച്ചത്?' നബി(സ്വ) പറഞ്ഞു: 'അല്ലാതെ പിന്നെ ആരെയാണ്?' (ബുഖാരി, മുസ്‌ലിം).




ഈ ആശയത്തിൽ വേറെയും ഹദീസുകൾ കാണാവുന്നതാണ്. അല്ലാഹുവിൽനിന്നുള്ള 'വഹ്‌യി'ന്റെ അടിസ്ഥാനത്തിൽ നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് പ്രയോഗവത്കരിച്ച് കാണിച്ചതുമായ ശരിയായ മാർഗനിർദേശങ്ങളെ കയ്യൊഴിയുകയും വേദവാക്യങ്ങളെയും പ്രവാചകാധ്യാപനങ്ങളെയും സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്ത ആളുകളുടെ മാർഗങ്ങളെ പിൻപറ്റുന്നതിന്റെ അപകടങ്ങളും അതിലെ വിരോധാഭാസങ്ങളുമാണ് നബി(സ്വ) ഉണർത്തുന്നത്.

നേരിന്റെ വഴി പിൻപറ്റുന്നതിൽ വിരോധവും അലർജിയും കാണിക്കുന്നവർ ദേഹേച്ഛയുടെ വഴികൾ എത്ര ദുസ്സഹവും സാഹസികവുമാണെങ്കിലും അത് പിൻപറ്റാൻ മത്സരിക്കും എന്ന യാഥാർഥ്യവും മേൽ ഹദീസ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ പടർന്നുപന്തലിച്ചിട്ടുള്ള പല ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വേഷഭൂഷാദികളിലും വിശ്വാസങ്ങളിൽ വരെയും അത്തരം അനുകരണങ്ങളും കടന്നുകയറ്റങ്ങളും കാണാവുന്നതാണ്

ഒഴുക്കിനൊത്തു നീന്തുന്ന പ്രവണതയാണ് ഉള്ളതെങ്കിൽ അത്തരക്കാർ ഈ കുത്തൊഴുക്കിൽ പെട്ടെന്ന് പെട്ടുപോകും. ദേഹേച്ഛകളുടെ സ്വാധീന വലയങ്ങളിൽനിന്ന് രക്ഷപ്പെടാൻ പറ്റാത്തവരും ഈ വ്യതിയാന പാതയിലെ സഹയാത്രികരായിരിക്കും. വിമർശനങ്ങളും ആക്ഷേപങ്ങളും ഭയന്ന് 'ഇസ്തിരി ചുളിയേണ്ട' എന്ന് കരുതുന്നവർക്കും നേരിന്റെ വഴിയിൽ സഞ്ചരിക്കാനുള്ള തൗഫീക് വിദൂരമായിരിക്കും. അതിനാൽ കാര്യങ്ങൾ കൃത്യമായി പഠിച്ചറിഞ്ഞ് പിൻപറ്റാനുള്ള ആർജവവും പ്രാർഥനയും പരിശ്രമവുമാണ് നമുക്ക് വേണ്ടത്.

മൂസ സ്വലാഹി കാര
: 97473 45768

# സ്ത്രീ വിദ്യാഭ്യാസം; സമസ്തയുടെ പഴയ പ്രമേയങ്ങളും പുതിയ അവകാശവാദങ്ങളും

സാമൂഹികപുരോഗതിയുടെ ഏതു മേഖലയിലുമെന്ന പോലെ സ്ത്രീ വിദ്യാഭ്യാസരംഗത്തും തികഞ്ഞ പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചവരാണ് കേരളത്തിലെ സമസ്തക്കാർ. പുതിയ കാലത്തെ അവരുടെ മാറ്റത്തെ ശ്ലാഘിക്കുന്നതോടൊപ്പം തന്നെ അന്നത്തെ തീരുമാനങ്ങൾക്ക് താത്ത്വിക പരിവേഷം ചമയ്ക്കാനുള്ള ശ്രമങ്ങളോട് ശക്തമായി വിയോജിക്കുകയും ചെയ്യുന്നു.




മതപരമായി സമൂഹത്തെ ഉത്ബുദ്ധരാക്കാനും സാമൂഹിക ഉന്നമനത്തിനും വേണ്ടി കഠിന പരിശ്രമം നടത്തിയ മഹത്തുക്കളുടെ സേവനം വിസ്മരിക്കപ്പെട്ടാവതല്ല. ആത്മീയ ചൂഷണവും നവോത്ഥാന പ്രവർത്തനങ്ങൾക്ക് തടയിടലും ലക്ഷ്യംവച്ചുള്ള പുരോഹിതന്മാരുടെ ഇടപെടലുകൾ കഴിഞ്ഞകാല നവോത്ഥാന നായകന്മാർക്ക് വലിയ ഭീഷണിയായിട്ടുണ്ട്. എതിർപ്പുകളെയെല്ലാം വകഞ്ഞുമാറ്റി അവർ നടത്തിയ മുന്നേറ്റങ്ങൾ മൂല്യമുള്ളതായിരുന്നു എന്ന് തെളിയിക്കുന്നതാണ് മത-സാമൂഹിക രംഗങ്ങളിൽ ഇന്ന് പ്രകടമാകുന്ന ഓരോ നേട്ടവും.

സമൂഹത്തിന്റെ ഉയർച്ചക്ക് വിഘാതം സൃഷ്ടിച്ചുകൊണ്ട് പണ്ടത്തെ മുസ്‌ലിയാക്കന്മാർ എഴുതി രേഖയാക്കിവച്ച പ്രമേയങ്ങളെല്ലാം വർത്തമാനകാല മുസ്‌ലിയാക്കന്മാർക്ക് വലിയ തലവേദന സൃഷ്ടിക്കുന്നുണ്ട്. അതിനെയൊന്നും തള്ളിപ്പറയാനും വയ്യ, തലയിലേറ്റാനും വയ്യ!

സ്ത്രീകൾ വിദ്യാഭ്യാസം നേടുന്നതിനെ തടയുവാനായി, അവർ എഴുത്ത് പഠിക്കുന്നത് ഹറാമും (നിഷിദ്ധം)



കറാഹത്തും (ഒഴിവാക്കിയാൽ കൂലിയുള്ളത്) വലിയ ഫസാദും (കുഴപ്പം) ഒക്കെയാണെന്ന് പ്രത്യേക പ്രമേയങ്ങൾ പാസാക്കി പ്രചരിപ്പിച്ചിവരാണ് സമസ്തയുടെ മുൻഗാമികളായ പണ്ഡിതനേതാക്കൾ.സംഘടനാപരമായി സമസ്തയിലുണ്ടായ വലിയ പിളർപ്പിന്റെ മുമ്പ് ഔദ്യോഗിക സൗകര്യങ്ങൾ ഉപയോഗിച്ച് നടത്തിയ ആഹ്വാനങ്ങളോട് ഇവർക്കുതന്നെ 'അറപ്പ്' തോന്നുന്ന അവസ്ഥയാണിപ്പോൾ. അവരുടെ മാറ്റത്തെ ചെറുതായി കാണുന്നില്ല. മാറ്റം അഭിനന്ദനീയം തന്നെ.

മുജാഹിദ് പ്രസ്ഥാനത്തിന്റെ വൈജ്ഞാനിക രംഗത്തുള്ള കുതിപ്പും അതിനായി പണ്ഡിതന്മാർ സകലവിധ എതിർപ്പുകളെയും അവഗണിച്ചുകൊണ്ട് സമൂഹത്തിൽ നിരന്തരമായി നടത്തിയ ഉദ്ബോധനങ്ങളും മാറ്റത്തിന് സമസ്തയെ നിർബന്ധിപ്പിക്കുകയായിരുന്നു എന്നതാണ് വാസ്തവം. ഇത് നിഷേധിക്കുവാൻ കേരള മുസ്‌ലിംകളുടെ കഴിഞ്ഞകാല ചരിത്രമറിയുന്ന ഒരാൾക്കും സാധ്യമല്ല. ഈ ചരിത്ര വസ്തുതയെ തമസ്കരിക്കുവാനും എല്ലാ നേട്ടങ്ങളുടെയും പുരോഗതിയുടെയും കാരണക്കാർ തങ്ങളാണെന്നു വരുത്തിത്തീർക്കാനും ശ്രമിച്ചുകൊണ്ട് 'എട്ടുകാലി മമ്മൂഞ്ഞ്' ചമയുകയാണ് സമസ്തക്കാർ. ചരിത്രത്തിലേക്കൊന്ന് കണ്ണോടിക്കാം.

കാലങ്ങളായി സമസ്ത കൊണ്ടുനടന്നിരുന്ന അവരുടെ പ്രധാന പ്രസിദ്ധീകരണമായ 'അൽബയാൻ' മാസികയെ നമുക്കൊന്ന് പരിചയപ്പെടാം. അവർതന്നെ പരിചയപ്പെടുത്തട്ടെ:

"കേരളത്തിലെ സുന്നികളുടെ പ്രസിദ്ധീകരണ രംഗത്ത് വഴിത്തിരിവിട്ട മാസികയാണ് അൽബയാൻ. പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാരുടെയും വാളക്കുളം അബ്ദുൽബാരി മുസ്‌ലിയാരുടെയും ശ്രമഫലമായി 1929 ഡിസംബറിൽ കോഴിക്കോട്ട് നിന്നാണ് അൽബയാൻ പ്രസിദ്ധീകരണം തുടങ്ങിയത്. 1929 ജനുവരി ഏഴിന് ചമ്മൻകുഴിയിൽ നടന്ന സമസ്തയുടെ മൂന്നാം സമ്മേളനത്തിലെ മാസിക ആരംഭിക്കാനുള്ള തീരുമാനപ്രകാരമായിരുന്നു അൽബയാൻ ആരംഭം. അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ ആശയ പ്രചരണമായിരുന്നു മുഖ്യലക്ഷ്യം.1948-ൽ അൽബയാൻ സമസ്തയുടെ മുഖപത്രമായി'' (എസ് വൈ എസ് അറുപതാം വാർഷികോപഹാരം, പേജ് 297).

അൽബയാനുമായി സമസ്തക്ക് ബന്ധമില്ല എന്നു പറയാൻ പറ്റില്ലെന്ന് വായനക്കാർക്ക് ബോധ്യമായല്ലോ.

സമസ്തയുടെ മുഖപത്രമായ അൽബയാനിലും മറ്റും സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ച് എഴുതിവിട്ട നയങ്ങളും നിലപാടുകളും തിരുത്തപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്യാതെ നിലനിൽക്കുകയാണ്. ചില ഉദാഹരങ്ങൾ കാണുക:

"സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കുന്നതിലുള്ള അവസാന തീർപ്പ്; ഇതിനെ വിരോധിക്കുന്ന പല ഹദീസുകൾ വന്നിട്ടുണ്ടെങ്കിലും ആ വിരോധം തൻസീഹിന്റെ (ശുദ്ധിയാക്കുന്നതിന്റെ) വിരോധമാണ്. എന്നുവെച്ചാൽ കറാഹത്തിനെ അറിയിക്കുന്നതാണ്. കാരണം സ്ത്രീകൾ എഴുത്ത് പഠിക്കുന്നതിൽ പലേ ഫസാ

ദുകൾ വന്ന് വശാവാൻ ഇടയുണ്ട്... ഇക്കാലത്തുള്ള സ്ത്രീ അക്ഷരവിദ്യ അധികവും ദീനിയായ വിഷയത്തിലോ ശറഅ് അനുസരിച്ചതോതിലോ കാര്യമായ ആവശ്യത്തിനോ അല്ലാത്തതോടുകൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്ന് വശാകുന്നതും അത് പലേ പാപങ്ങൾക്കുള്ള ഉപകരണമാകുന്നതും ദൃഷ്ടിയാൽ അറിയപ്പെട്ടതായും അനുഭവപ്പെട്ടതായും വരുന്നത് കൊണ്ട് സ്ത്രീ അക്ഷരവിദ്യ ശറഅ് അനുസരിച്ച വിധത്തിലും ദീനീയായ വിഷയത്തിലും ആയാൽ അത് അസ്‌ലിൽ മക്‌റൂഹ് മാത്രമാണെങ്കിലും ഇക്കാലത്തുള്ള സ്ത്രീ അക്ഷരവിദ്യ തീർച്ചയായും ഹറാമാവാൻ മാത്രമേ വഴി കാണുന്നുള്ളൂ'' (അൽബയാൻ, 1930 ഫെബ്രുവരി, പേജ് 17).

1930 മാർച്ച് 16ന് മണ്ണാർക്കാട്ട് ചേർന്ന സമസ്തയുടെ നാലാം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിൽ നിന്ന്: "സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിക്കൽ ശറഇൽ മക്‌റൂഹാണെന്നും മറ്റും പലേ മഹാന്മാരായ ഉലമാക്കൾ മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു. സി.കെ മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ.പി അഹ്മദ് കുട്ടി മുസ്‌ലിയാർ അതിനെ പിന്താങ്ങി" (അൽബയാൻ, 1930 മാർച്ച്, പേജ് 27).

മേൽ പ്രമേയത്തെ വീണ്ടും സ്ഥിരപ്പെടുത്തുന്ന ചോദ്യവും മറുപടിയും കാണുക:

"ബഹുമാനപ്പെട്ട അൽബയാൻ പത്രാധിപരുടെ ഹള്‌റത്തിലേക്ക്, ബഹുമാന്യരേ, എന്നാൽ (1) പെൺകുട്ടികൾക്ക് കിതാബത്ത് പഠിപ്പിക്കുന്നതിൽ നമ്മുടെ ശറഇന്റെ വിധി എന്താണ്?..."

"(1) പെൺകുട്ടികൾക്ക് കയ്യെഴുത്ത് പഠിപ്പിക്കുന്നതിൽ അങ്ങേയറ്റമുള്ള വിധി കറാഹത്താണെന്നത് ഫതാവൽ ഹദീസിയ്യയിൽ ഇബ്നു ഹജർ റഹിമഹുല്ലാഹ് പ്രസ്താവിച്ചിരിക്കുന്നു" (അൽബയാൻ, 1956 ജൂലൈ-ആഗസ്റ്റ്, പേജ് 6).



1930 മാർച്ച് 16ന് മണ്ണാർക്കാട്ട് ചേർന്ന സമസ്തയുടെ നാലാം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിൽ നിന്ന്: "സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിക്കൽ ശറഇൽ മക്‌റൂഹാണെന്നും മറ്റും പലേ മഹാന്മാരായ ഉലമാക്കൾ മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു. സി.കെ മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ.പി അഹ്മദ് കുട്ടി മുസ്‌ലിയാർ അതിനെ പിന്താങ്ങി" (അൽബയാൻ, 1930 മാർച്ച്, പേജ് 27).

"ബോർഡ് വാർത്തകൾ...വരുന്ന ശഅ്ബാൻ ആദ്യത്തിൽ അംഗീകൃത മദ്റസകളിലെ അഞ്ചാം തരത്തിന് നടത്താൻ പോകുന്ന പൊതുപരീക്ഷ അതാത് മദ്റസകളിൽ വെച്ചുതന്നെ ആൺകുട്ടികൾക്ക് എഴുത്ത് മുഖേനയും പെൺകുട്ടികൾക്ക് വാക്ക് മൂലവും നടത്താൻ തീരുമാനിച്ചു" (അൽബയാൻ, 1958 ഡിസംബർ, പേജ് 2).

1985ൽ നടന്ന സമസ്തയുടെ 60ാം വാർഷിക സമ്മേളന സുവനീറിൽ ഉപായങ്ങൾ നിരത്തി ഈ വിധിയെ അരക്കിട്ടുറപ്പിക്കുന്നത് കാണുക:

"എല്ലാ വിഷയത്തിലും പുരുഷന്മാരോട് സ്വീകരിക്കുന്ന

നിയമപരമായ നയമല്ല സ്ത്രീയോട് ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നത്. ഈ വ്യത്യസ്തത ഏത് വിഷയത്തിൽ നാം വിലയിരുത്തിയാലും അത് അന്തിമ വിശകലനത്തിൽ സ്ത്രീയുടെ മാനവും ആരോഗ്യവും സൗന്ദര്യവും നിലനിർത്താനുള്ളതായി നമുക്ക് കാണാവുന്നതാണ്. എഴുത്ത് പഠിപ്പിക്കുന്ന കാര്യവും ഇതിൽപെടുന്നു. ഈ വിഷയത്തിലും പുരുഷന്മാരോടു സ്വീകരിച്ച അതേനയം സ്ത്രീകളോട് സ്വീകരിച്ചിട്ടില്ല... എന്നാൽ സ്ത്രീ എഴുത്ത് പഠിക്കുന്നതിൽ ഭൗതികപരമായ വല്ല ഗുണവുമുണ്ടോ ഇല്ലേ എന്ന് ഇവിടെ പറയേണ്ടതില്ല. ഭൗതികപരമായ വല്ല ഗുണമുണ്ടായാലും അക്കാര്യം ശറഇന് വിരോധിക്കുന്നതിന് തടസ്സമില്ല. കള്ളിൽ ധാരാളം ഗുണങ്ങളുണ്ടെന്ന് പറഞ്ഞ് ഇസ്‌ലാം അടുത്ത നിമിഷത്തിൽ അത് ഹറാമാണെന്ന് പ്രഖ്യാപിച്ചല്ലൊ" (പേജ് 67).

"സ്ത്രീകൾക്ക് (കൂടുതൽ) എഴുത്ത് (വിദ്യാഭ്യാസം) പഠിപ്പിക്കരുതെന്നും നൂൽനൂൽപ്പും സൂറത്തുന്നൂറും പഠിപ്പിക്കേണമെന്നും ഹദീസിൽ വന്നിരിക്കുന്നു. അവർ വീടുവിട്ടു പുറത്തുപോകാതെ നൂൽനൂൽപ്പ് മുതലായ ജോലികളിൽ ഏർപ്പെടുകയും അയൽവാസികളോടുപോലും അമിതമായി സംസാരിക്കാതിരിക്കുകയും ഭർത്താവ് സ്ഥലത്തുള്ളപ്പോഴും അല്ലാത്തപ്പോഴും അവന്റെ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുകയും അവന്ന് തൃപ്തിയുള്ള കാര്യങ്ങൾ മാത്രം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്" (കർമ്മശാസ്ത്ര സരണി, അല്ലാമ: സയ്യിദ് ബുഖാറയിൽ കോയക്കുട്ടി തങ്ങൾ, പേജ് 67).

സമസ്ത ഒരുകാലത്ത് സ്ത്രീവിദ്യാഭ്യാസത്തോട് എന്തുമാത്രം വിമുഖത പുലർത്തിയിരുന്നു എന്നതിനുള്ള കൃത്യവും വ്യക്തവുമായ രേഖകളാണിതെല്ലാം. എന്നാൽ രേഖപ്പെട്ടു കിടക്കുന്ന ഈ ചരിത്ര വസ്തുതകളെ വെറും ആരോപണമാണെന്നു വരുത്തിത്തീർക്കാൻ മുസ്‌ലിയാക്കന്മാർ പാടുപെടുന്നതിന് ചില ഉദാഹരണങ്ങൾ കാണുക:

"ഭൗതിക വിദ്യാഭ്യാസത്തോടുള്ള വിമുഖത, സ്ത്രീവിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്തൽ, സാമ്രാജ്യത്വ വിധേയത്വം, നൂതന സംരംഭങ്ങളോടുള്ള നീരസം എന്നീ ആരോപണങ്ങളാണ് സമസ്തക്കെതിരെ ഇവിടെ പ്രധാനമായും ഉന്നയിക്കപ്പെടാറുള്ളത്" (സുന്നി അഫ്കാർ, 2022 മാർച്ച് 16, പേജ് 52).

"സ്ത്രീ വിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്തി എന്നതാണ് മറ്റൊരാരോപണം. സത്യത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തോടെന്നല്ല അവരുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളിലും ഇസ്‌ലാമിന്റെ സമീപന രീതി എന്താണ്? ധാർമിക അപചയത്തിന്റെ ആകെത്തുകയായി കുത്തഴിഞ്ഞ പടിഞ്ഞാറൻ സംസ്കാരം ലോകത്ത് സ്വാധീനം നേടിയപ്പോഴല്ലേ ആഭാസകരമായി പുറംലോകത്തേക്ക് ആനയിക്കപ്പെട്ടത്? പാശ്ചാത്യൻ സംസ്കാരത്തെ മാറ്റിവെച്ചാൽ ലോകത്തെ വിവിധ മത-സംസാകാരങ്ങളിൽനിന്ന് ഏതാണ് സ്ത്രീയെ കയറൂരി വിടുന്നത്? നിന്ദ്യവും നികൃഷ്ടവും മൃഗീയവുമായ വിധത്തിൽ മങ്കമാരെ നിയന്ത്രിക്കുന്നതാണ് അവയുടെല്ലാം സമീപനരീതി" (പേജ് 54).

അൽബയാനിൽ വന്നത് ആരോപണമാണെങ്കിൽ ആരായിരുന്നു അതിന്റെ പ്രസാധകർ? ഇതെല്ലാം എഴുതി അവതരിപ്പിച്ച സമസ്തയുടെ മുൻകാല നേതാക്കൾക്ക് കാര്യമായ പണി ആരോപണം ഉന്നയിക്കലായിരുന്നു എന്നാണോ ഇവർ പറയുന്നത്?

അറിവ് നേടുക എന്നത് ഇസ്‌ലാം കൽപിച്ചിട്ടുള്ളതും ശക്തമായി പ്രോത്സാഹിപ്പിച്ചതുമായ കാര്യമാണ്. വഹ്‌യിന് ആരംഭം കുറിച്ചത് വിജ്ഞാന സമ്പാദനത്തിന് കൽപിച്ചുകൊണ്ടാണെന്നത് വ്യക്തമാണല്ലോ. അല്ലാഹു പറയുന്നു: "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (ഖുർആൻ 96:15).

മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ച് ഉണർത്തവെ അല്ലാഹു പറയുന്നു: "നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്ത് കൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി"(16:78).

ഖുർആൻ പഠനത്തിൽനിന്ന് അണികളെ തടഞ്ഞവർക്ക് ഇതൊന്നും കണ്ണിൽ പിടിക്കില്ല. പഠിക്കുവാനും ചിന്തിക്കുവാനും മനസ്സിലാക്കുവാനുമുള്ള ഖുർആനിന്റെ ആഹ്വാനം പുരുഷന്മാർക്കു മാത്രമാണ് ബാധകമെന്നാണോ ഇവർ വിചാരിക്കുന്നത്? സ്ത്രീസമൂഹത്തിന് കൂടി അവകാശപ്പെട്ടതിൽ നിന്ന് അവരെ തടഞ്ഞത് ഏതു പ്രമാണത്തിന്റെ പിൻബലത്തിലാണ്? അന്ന് പ്രശ്നങ്ങളായി സൂചിപ്പിക്കപ്പെട്ട കാരണങ്ങളിൽ നിന്ന് ഇന്നത്തെ സമൂഹം മോചിതരായിട്ടുണ്ടോ? അന്നത്തെക്കാൾ ഫസാദ് വർധിച്ച ഇക്കാലത്ത് മലവെള്ളപ്പാച്ചിൽ കണക്കെ കുഴപ്പങ്ങൾ കുത്തിയൊലിക്കുമ്പോൾ ആ പ്രമേയങ്ങളെ പ്രയോഗവത്കരിച്ച് ശക്തിപ്പെടുത്തുകയല്ലേ സമസ്തക്കാർ ചെയ്യേണ്ടത്?

ലോകം കണ്ട ഏറ്റവും വലിയ പണ്ഡിത മഹതി ആഇശ(റ) ജ്ഞാനം നുകർന്നതിനും പകർന്നു നൽകിയതിനുമൊക്കെ ഹറാമിന്റെ വിധി ഇവർ നൽകുമോ?

മതത്തിന് ധാരാളം സംഭാവനകൾ നൽകി ചരിത്രത്തിൽ ഇടം നേടിയ മഹിളകൾ കുഴപ്പക്കാരികളാണെന്ന വിധി പുരോഹിതന്മാർ പുറപ്പെടുവിക്കുമോ?

സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യം ഇപ്പോൾ ചർച്ചയാക്കാൻ എന്താണ് സാഹചര്യമെന്ന് ചിന്തിക്കുന്നവരുണ്ടാകും. സമസ്തക്കേറ്റ മുറിവുകൾ എത്ര മരുന്ന് പുരട്ടിയാലും ഉണങ്ങുകയില്ലെന്ന് അവർക്ക് നന്നായി അറിയാം. ജിഫ്രി മുത്തുക്കോയ തങ്ങളും കാന്തപുരം അബൂബക്കർ മുസ്‌ലിയാരും പരിവാരങ്ങളും ഇക്കാര്യത്തിലെ 'കെടുമ്പ്' നീക്കാൻ ന്യായീകരണങ്ങളും പ്രസ്താവനകളുമായി പായുകയാണ്. അൽബയാനിൽ നിറഞ്ഞനിൽക്കുന്ന ഫത്‌വകൾ ഇവർ മറന്നതോ അതോ മനഃപൂർവം മറച്ചുവയ്ക്കുന്നതോ? പ്രതികരണങ്ങളിൽ ഏതായാലും അത് കാണുന്നേയില്ല.

സമൂഹത്തിൽ വ്യാപകമായ മാറ്റങ്ങൾ ഉണ്ടായതെങ്ങനെയാണ്? ഇസ്‌ലാഹി നേതാക്കളുടെ പ്രവർത്തനങ്ങൾകൊണ്ടുതന്നെ! 'ആ മാറ്റങ്ങളോട് പുറം തിരിഞ്ഞു നിൽക്കാൻ' സമസ്ത തുനിയാതിരുന്നത് എന്തുകൊണ്ടാണ്? കാലിന്നടിയി


البيان ... الفتاوي
الجواب ...

പഠിക്കുവാനും ചിന്തിക്കുവാനും മനസ്സിലാക്കുവാനുമുള്ള ക്വുർആനിന്റെ ആഹ്വാനം പുരുഷന്മാർക്കു മാത്രമാണ് ബാധകമെന്നാണോ ഇവർ വിചാരിക്കുന്നത്? സ്ത്രീസമൂഹത്തിന് കൂടി അവകാശപ്പെട്ടതിൽ നിന്ന് അവരെ തടഞ്ഞത് ഏതു പ്രമാണത്തിന്റെ പിൻബലത്തിലാണ്? അന്ന് പ്രശ്നങ്ങളായി സൂചിപ്പിക്കപ്പെട്ട കാരണങ്ങളിൽനിന്ന് ഇന്നത്തെ സമൂഹം മോചിതരായിട്ടുണ്ടോ? അന്നത്തെക്കാൾ ഫസാദ് വർധിച്ച ഇക്കാലത്ത് മലവെള്ളപ്പാച്ചിൽ കണക്കെ കുഴപ്പങ്ങൾ കുത്തിയൊലിക്കുമ്പോൾ ആ പ്രമേയങ്ങളെ പ്രയോഗവത്കരിച്ച് ശക്തിപ്പെടുത്തുകയല്ലേ സമസ്തക്കാർ ചെയ്യേണ്ടത്?

## ജിഫ്രി മുത്തുക്കോയ തങ്ങളോടുള്ള ചോദ്യവും മറുപടിയും

?

"കഴിഞ്ഞ കാലങ്ങളിൽ സമസ്ത സ്ത്രീ വിദ്യാഭ്യാസത്തെ വേണ്ടവിധം ഗൗനിച്ചില്ലെന്ന വിമർശനം നിലനിൽക്കുന്നില്ലേ?"

"സ്ത്രീകൾക്ക് അതതു കാലഘട്ടങ്ങളിൽ ആവശ്യമായ വിദ്യാഭ്യാസത്തിനു സമസ്ത ഒരു കാലത്തും എതിരു നിന്നിട്ടില്ല. മുമ്പുകാലത്ത് കേരളത്തിൽ എല്ലാ മതസമുദായങ്ങളിലും സ്ത്രീവിദ്യാഭ്യാസവും സ്ത്രീ പൊതുരംഗ പ്രവേശവും പരിമിതമായിരുന്നു. അന്നത്തെ സാമൂഹിക സാഹചര്യം അവ്വിധമായിരുന്നു. അതിനാൽതന്നെ സമുദായത്തിന്റെ ആത്മീയ കാര്യങ്ങൾക്കും ആദർശ പ്രതിരോധത്തിനും ഒന്നാം സ്ഥാനം നൽകുന്ന സമസ്തക്ക് സ്ത്രീകളുടെ വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഇടപെടാൻ സാധിച്ചില്ല. എന്നാൽ അക്കാലത്തും സ്ത്രീകൾക്കാവശ്യമായ മതപരവും സാമൂഹികവും സംസ്കാരികുമായ വിദ്യാഭ്യാസം അവർക്ക് നൽകിയിട്ടുണ്ട്. പിന്നീട് സമൂഹത്തിൽ വ്യാപകമായ മാറ്റങ്ങൾ ഉണ്ടായപ്പോൾ ആ മാറ്റങ്ങളോട് പുറം തിരിഞ്ഞു നിൽക്കാൻ സമസ്ത തുനിഞ്ഞതുമില്ല. അതിന്റെ ഭാഗമാണ് പുതിയ സ്ത്രീവിദ്യാഭ്യാസ പദ്ധതികളെല്ലാം" (സത്യധാര, 2024 ഫെബ്രുവരി 1-28, പേജ് 8,9).

ലെ മണ്ണ് ഒലിച്ചുപോകുമെന്ന തിരിച്ചറിവുകൊണ്ടുതന്നെ!

ഇദ്ദേഹത്തിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പുള്ള മറ്റൊരു പ്രസ്താവന കാണുക: "ഏത് വിദ്യാഭ്യാസമാണെങ്കിലും ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമാകണം എന്നതാണ് സമസ്തയുടെ നിലപാട്. സ്ത്രീ വിദ്യാഭ്യാസത്തിന് സമസ്ത എതിരല്ല" (സുപ്രഭാതം, 2024 ജൂൺ 27, വ്യാഴം, പേജ് 2).

കാന്തപുരം പറയുന്നത് കാണുക: "വൈജ്ഞാനിക നവോത്ഥാനത്തിന്റെ തുടർച്ച സാധ്യമാകാൻ വനിതകൾ തങ്ങളുടെ ദൗത്യം നിർവഹിക്കാൻ സജ്ജരാകണമെന്ന് കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു. മർകസ് നോളേജ് സിറ്റിയിലെ വിറാസ് ഗേൾസിലെ പുതിയ അധ്യയനവർഷത്തെ ശരീഅ ക്ലാസ്സുകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം" (സിറാജ്, 2024 മെയ് 23, വ്യാഴം, പേജ് 8).

'വൈജ്ഞാനിക നവോത്ഥാനത്തിന്റെ തുടർച്ച സാധ്യമാകാൻ' ആഹ്വാനം ചെയ്യുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. അങ്ങനെയൊരു നവോത്ഥാനം ഉണ്ടായതുകൊണ്ടാണല്ലോ അതിന് തുടർച്ചയുണ്ടാകണമെന്നു പറയേണ്ടിവന്നത്. ആരാണ് കേരള മണ്ണിൽ സ്ത്രീകളുടെ വൈജ്ഞാനിക നവോത്ഥാനത്തിനു തുടക്കം കുറിച്ചത്? സമസ്തയാണോ? സമസ്തയുടെ സ്ത്രീ വിദ്യാഭ്യാസ നിലപാട് നമ്മൾ മനസ്സിലാക്കി.

ഞങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തെ മുമ്പ് നിഷേധിച്ചിട്ടില്ലെന്ന് വലിയ വായിൽ വിളിച്ചുകൂവുന്നതുകൊണ്ട് ചരിത്രസത്യം തേഞ്ഞുമാഞ്ഞ് പോകില്ല. പുതുതലമുറയെ തെറ്റുധരിപ്പിക്കാൻ കഴിയുമായിരിക്കും. അതുതന്നെയാകും ഇക്കൂട്ടരുടെ ലക്ഷ്യവും.

സമസ്ത സ്വീകരിക്കുന്ന നിലപാടുകൾ മാറ്റേണ്ടിവരില്ലെന്ന് പെരുമ പറയുന്നവർ സ്ത്രീ വിദ്യാഭ്യാസത്തിന്റെ വിഷയത്തിലുണ്ടായ നിലപാടുമാറ്റത്തെ എന്തു പേരിട്ടാണ് വിശേഷിപ്പിക്കുക? വിദ്യാഭ്യാസമേഖലയിൽ വിപ്ലവകരമായ മുന്നേറ്റം നടത്താൻ മുന്നിൽനിന്ന സലഫി പണ്ഡിതന്മാരെ സമസ്തക്കാർ വേട്ടയാടിയതിന് എന്തിനായിരുന്നു? വലിയരൂപത്തിൽ പെൺകുട്ടികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നു എന്ന് പരസ്യപ്പെടുത്തുമ്പോൾ അന്ന് മുജാഹിദ് പണ്ഡിതന്മാർ അതിനായി പ്രവർത്തിച്ചതും വിയർപ്പൊഴുക്കിയതും വളരെ ശരിയായിരുന്നെന്ന് മനസ്സുകൊണ്ട് അംഗീകരിക്കാനുള്ള മാന്യതയെങ്കിലും ഇവർ കാണിക്കേണ്ടിയിരുന്നു.

സ്ത്രീവിദ്യാഭ്യാസത്തെ എതിർത്തിരുന്നവർ ഇന്ന് തങ്ങൾക്ക് ആ രംഗത്തുള്ള പോരായ്മകളും നേട്ടങ്ങളും എടുത്തുപറയുന്നത് നോക്കൂ:

"മതരംഗത്ത് നൂറുകണക്കിനു ദർസുകളും അറബിക് കോളേജുകളും നിറഞ്ഞു നിൽക്കുമ്പോൾ പെൺകുട്ടികൾക്ക് ഉന്നത മതപഠനത്തിനുള്ള അവസരങ്ങൾ നന്നേ കുറവ്. ഉള്ളയിടങ്ങളിൽതന്നെ പലപ്പോഴും ഫീസ് കൊടുക്കേണ്ട അവസ്ഥയാണുള്ളത്. ഈ രീതിയിൽ മാറ്റം വന്നാൽ നമ്മുടെ പെൺമക്കൾ വിദ്യാഭ്യാസത്തിൽ കൂടുതൽ കരുത്തരാകും. വളാഞ്ചേരി മർകസ് കേന്ദ്രമായി അടുത്തകാലത്ത് നിലവിൽ വന്ന വാഫി വാഫിയ്യ സംവിധാനവും ചെമ്മാട് ദാറുൽ ഹുദാ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഫാത്വിമതു സഹ്‌റയും ഫാളില ഫളീലകളും സ്ത്രീകളുടെ മതവിദ്യാഭ്യാസരംഗത്ത് എടുത്തുപറയേണ്ടത് തന്നെയാണ്. ഇതിനു പുറമെ മുസ്‌ലിം പെൺകുട്ടികൾക്ക് മാത്രമുള്ള ക്യാമ്പസുകൾ ഇന്ന് ഉയർച്ചയുടെ ഗ്രാഫിലാണ്" (അൽമുനീർ നവോത്ഥാനപ്പതിപ്പ് 2022, പേജ് 247).

നേട്ടത്തിന്റെ പേരിൽ ഊറ്റം കൊണ്ടോളൂ. എന്നാൽ മുൻകാല പണ്ഡിതന്മാരുടെ ഫത്‌വകളെ മറന്നുകൊണ്ടാകരുത് അത്. അവ ഇന്നത്തെ മുസ്‌ലിയാക്കന്മാരുടെ ഉറക്കംകെടുത്തുന്നു എന്നത് വാസ്തവ മാണ്. അതുകൊണ്ടുതന്നെ സംഘടനയുടെ മുഖം രക്ഷിക്കാനായി ന്യായീകരണ വിദഗ്ധർ വിയർപ്പൊഴുക്കി പണിയെടുക്കുകയാണ്. ഒരു ഉദാഹരണം കാണുക:

"ഖുർആനും ഹദീസുകളും നോക്കിയായിരുന്നില്ല അവയുടെ നിഷ്പന്നങ്ങളായ ഫിഖ്ഹീ നിയമങ്ങളും നിദാനങ്ങളും നോക്കിയാണ് അഹ്‌ലുസ്സുന്നഃ ആചാരങ്ങളും അനുഷ്ഠാനങ്ങളും ചെയ്തിരുന്നത്. കർമശാസ്ത്രപരമായി ഇബ്നുഹജറുൽ ഹൈതമി(റ)യുടെ ഫത്‌വയാണ് സ്ത്രീകളെ കയ്യെഴുത്ത് പഠിപ്പിക്കാൻ പാടില്ല, നമ്മുടെ മുമ്പിലുള്ളത്. ഫത്‌വയുടെ നിയമം-ആരാണോ ഫത്‌വ തേടിയത് അയാളുടെ സാഹചര്യം, ഉദ്ദേശ്യം, വാദഗതി തുടങ്ങിയവയനുസരിച്ചാണ് മുഫ്തി ഫത്‌വ കൊടുക്കുക. അല്ലാതെ, മുത്തരിദായ ഒരു ഖാഇദയോ ഹുക്മോ-അതായത് ഒരു കോമൺ ലോ-ഒരിക്കലും തദ്വാരാ ഉണ്ടാവുകയില്ല എന്നതാണ് ഫത്‌വയുടെ കർമശാസ്ത്രം. അക്കാലഘട്ടത്തിന്റെ ആവശ്യവും നന്മയും നേട്ടവും പരിഗണിച്ചാവും സ്ത്രീ എഴുത്ത് പഠിക്കേണ്ടതില്ലെന്ന വീക്ഷണം വന്നിട്ടാണ്ടാവുക.1930-ൽ മണ്ണാർക്കാട് നടന്ന സമസ്തയുടെ നാലാം വാർഷിക സമ്മേളനത്തിലാണ് ഈ ആരോപണത്തിന് ഉപോൽബലമാകുന്ന പെണ്ണിനെ എഴുത്ത് പഠിപ്പിക്കുന്നത് അഭിലഷണീയമല്ല എന്ന് തോന്നിപ്പിക്കുന്ന രൂപത്തിൽ ഒരു പ്രമേയം ഉണ്ടാകുന്നത്" (സത്യധാര, 2024 ഫെബ്രുവരി 1-28, പേജ് 29).

ആചാരങ്ങളും അനുഷ്ഠാനങ്ങളും ചെയ്യുന്നതിൽ ക്വുർആനും പ്രവാചകചര്യയും(സുന്ന

ത്ത്) പരിഗണിക്കാതിരിക്കുകയും കർമശാസ്ത്ര ഗ്രന്ഥങ്ങളെ മാത്രം പരിഗണിക്കുകയും ചെയ്യുന്നവരെ അഹ്‌ലുസ്സുന്നഃ എന്ന് എങ്ങനെയാണ് വിശേഷിപ്പിക്കുക? 'അക്കാലഘട്ടത്തിന്റെ ആവശ്യവും നന്മയും നേട്ടവും പരിഗണിച്ചാവും സ്ത്രീ എഴുത്ത് പഠിക്കേണ്ടതില്ലെന്ന വീക്ഷണം വന്നിട്ടാണ്ടാവുക' എന്നു നീട്ടിപ്പരത്തി പറയാതെ എന്തായിരുന്നു അതിലെ നന്മയും നേട്ടവും എന്നു വ്യക്തമാക്കിക്കൂടേ? കുഴപ്പം തടയാനായിരുന്നെങ്കിൽ ഇന്നും കുഴപ്പമില്ലേ?

2008 ഏപ്രിൽ 1-15 ലക്കം സുന്നിവോയ്സ് ദ്വൈവാരികയിൽ വന്നത് കാണുക: "സ്ത്രീവിദ്യാഭ്യാസത്തിന്റെ പേരിൽ സമസ്തയെയും സുന്നികളെയും ചിലർ ആക്ഷേപിക്കുന്നതു കാണാം. സമസ്ത സ്ത്രീ വിദ്യാഭ്യാസം ഹറാമാക്കി എന്നാണ് ഇത്തരക്കാരുടെ ആക്ഷേപം. ഇത് വെറും ഒരു ആരോപണം മാത്രമാണ്. സമസ്തയോ അതിന്റെ പണ്ഡിതരോ സ്ത്രീ വിദ്യാഭ്യാസം ഹറാമാക്കിയിട്ടില്ല. പിന്നെ എന്താണ് പ്രശ്നം? ലോകപ്രശസ്ത പണ്ഡിതനായ ഇബ്നുഹജറുൽ ഹൈതമി തങ്ങൾ സ്ത്രീ എഴുത്ത് പഠിക്കൽ കറാഹത്താണെന്നു ഫത്‌വ നൽകിയിട്ടുണ്ട്. കറാഹത്തോടെ ജാഇസാകും (അനുവദനീയം) എന്നാണ് അദ്ദേഹത്തിന്റെ ഫത്‌വ" (പേജ് 30).

വളച്ചും തിരിച്ചും ന്യായീകരിച്ച് ഒപ്പിച്ചെടുക്കാനുള്ള ഈ വിശദീകരണങ്ങൾ ഇവർക്കുതന്നെ പാരയാവുകയാണ്! ഒരു വ്യക്തിക്ക് നൽകിയ ഫത്‌വയോ ഒരു നാട്ടിലേക്ക് ആ നാട്ടിനനുസരിച്ചും അക്കാലത്തിനനുസരിച്ചും നൽകിയ ഫത്‌വയോ ആണെങ്കിൽ അതിനെ പ്രമേയമാക്കിയതും മുഖപത്രത്തിൽ ആവർത്തിച്ച് ചർച്ച ചെയ്തതും എന്തിനാണ്? അഭിലഷണീയമല്ല എന്നല്ല 'തീർച്ചയായും ഹറാം' എന്നുതന്നെയാണ് സമസ്തയുടെ പഴയവാദം!


البيان

١٢

> സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യം ഇപ്പോൾ ചർച്ചയാക്കാൻ എന്താണ് സാഹചര്യമെന്ന് ചിന്തിക്കുന്നവരുണ്ടാകും. സമസ്തക്കേറ്റ മുറിവുകൾ എത്ര മരുന്ന് പുരട്ടിയാലും ഉണങ്ങുകയില്ലെന്ന് അവർക്ക് നന്നായി അറിയാം. ജിഫ്രി മുത്തുക്കോയ തങ്ങളും കാന്തപുരം അബൂബക്കർ മുസ്‌ലിയാരും പരിവാരങ്ങളും ഇക്കാര്യത്തിലെ 'കെടുമ്പ്' നീക്കാൻ ന്യായീകരണങ്ങളും പ്രസ്താവനകളുമായി പായുകയാണ്. അൽബയാനിൽ നിറഞ്ഞനിൽക്കുന്ന ഫത്‌വകൾ ഇവർ മറന്നതോ അതോ മനഃപൂർവം മറച്ചുവയ്ക്കുന്നതോ? പ്രതികരണങ്ങളിൽ ഏതായാലും അത് കാണുന്നേയില്ല.

ഇത് ഇല്ലാത്തതാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ അൽബയാൻ മാസികയുടെ പൊടിപിടിച്ച ഏടുകൾ തപ്പിയെടുത്ത് വായിക്കുന്നത് നന്നാകും. അന്നത്തെ ആവശ്യം പരിഗണിച്ച് പറഞ്ഞു എന്നാണെങ്കിൽ അതിനെക്കാൾ കുഴപ്പംപിടിച്ച ഈ കാലത്തല്ലേ 'ഹറാം' എന്ന വിധിയെ സമസ്ത മുശാവറ കൂടുതൽ കാര്യക്ഷമതയോടെ കാണേണ്ടത്? ഇബ്നുഹജർ ഹൈതമി കറാഹത്തെന്ന് പറഞ്ഞതിനെ തെളിവാക്കി അതിനെ ഹറാമാക്കിയതും കള്ളിനോട് ഉപമിച്ചതുമെല്ലാം നിസ്സാരമായ കാര്യമാണോ?

അർഥശൂന്യമായ അവകാശവാദം നടത്തുന്നത് യഥാർഥ ത്തിൽ സമസ്തക്കാരല്ലേ? എത്രയോ കാര്യങ്ങളുണ്ട് എണ്ണി പ്പറയാൻ. മുജാഹിദുകൾ തങ്ങളുടെ ശ്രമഫലമായി ഉണ്ടായ മാറ്റങ്ങൾ എടുത്തുപറയുന്നത് എങ്ങനെയാണ് അർഥശൂന്യ മായ അവകാശവാദമാകുന്നത്? നവോത്ഥാന നായകരുടെ നിസ്വാർഥമായ പരിശ്രമത്താൽ സമൂഹം മാറിത്തുടങ്ങിയ പ്പോൾ സമസ്തക്ക് നിലപാടുകൾ മാറ്റേണ്ടി വന്നു എന്നതാണ് വസ്തുത. അവരത് സമ്മതിച്ചാലും ഇല്ലെങ്കിലും.



ഇങ്ങനെയൊക്കെയുള്ള ചോദ്യങ്ങൾക്കു മുമ്പിൽ പതറിപ്പോകുമ്പോൾ മുസ്‌ലിയാക്കന്മാർ സാധാരണ പുറത്തെടുക്കുന്ന ഒരായുധമാണ് വായിൽ തോന്നിയത് വിളിച്ചുപറയൽ. ഒരു മുസ്‌ലിയാർ തന്റെ അരിശം തീർക്കുന്നത് കാണുക:

“മുസ്‌ലിം സ്ത്രീകളെ പള്ളിയിലേക്കും പള്ളിക്കൂടത്തിലേക്കും പഞ്ചായത്തിലേക്കും ഷോപ്പിംഗ് സെന്ററുകളിലേക്കും ഒരുപോലെ ആട്ടിത്തെളിക്കാൻ മുറവിളി കൂട്ടുന്ന കേരളത്തിലെ പരിഷ്കരണവാദികളുടെ സഹചാരികളായ ഗൾഫ് സലഫികൾക്ക് ഈ വിഷയത്തിലെല്ലാമുള്ള നിലപാടെന്താണെന്ന് സമസ്തയുടെ ഫത്‌വയുടെ ഫോട്ടോകോപ്പി ഹാജരാക്കുന്നവർ ശ്രദ്ധിച്ചിട്ടുണ്ടോ?” (സുന്നി അഫ്കാർ, 2022 മാർച്ച് 16, പേജ് 54).

പറയുന്നത് കേട്ടാൽ തോന്നും സമസ്തക്കാർ തങ്ങളുടെ സ്ത്രീകളെ ഇപ്പറഞ്ഞ ഒരു സ്ഥലത്തേക്കും പോകാൻ അനുവദിക്കാറില്ലെന്ന്. ജാറങ്ങളിലേക്കും ദർഗകളിലേക്കും സ്ത്രീകളെ അടുപ്പിക്കാറുമില്ല; ഫസാദ് ഭയന്ന്!

നബി(സ്വ) സ്ത്രീകൾക്ക് അനുമതി നൽകിയ പള്ളി പ്രവേശനത്തെ നിഷിദ്ധമാക്കിയതും ഇവർതന്നെയല്ലേ? ഇമാം ശാഫിഈ(റഹി)യുടെ മദ്ഹബിലാണെന്ന് പറയുന്നവർ ഈ വിഷയത്തിൽ അദ്ദേഹം ഉദ്ധരിച്ചിട്ടുള്ള ഹദീസുകളെ പോലും ഗൗനിക്കുന്നില്ല എന്നതാണ് വസ്തുത. സമസ്തയുടെ ആദ്യകാല നേതാക്കൾ സ്ത്രീകൾ പള്ളിയിൽ പോയാൽ ഫസാദുണ്ടാകും എന്നു പറഞ്ഞ് അവർക്ക് പള്ളി വിലക്കി. ആ ഫസാദ് ഇപ്പോഴും നീങ്ങാത്തതിനാൽ അവർക്കു ഇപ്പോഴും പള്ളിയിൽ പോയിക്കൂടാ! അതേ പോലെ ഫസാദിന്റെ പേരിൽ സ്ത്രീകളുടെ വിദ്യാഭ്യാസം മുടക്കാൻ പണിയെടുത്തു. ഇപ്പോൾ ആ ഫസാദ് നീങ്ങി. സ്ത്രീ വിദ്യാഭ്യാസം അനുവദനീയമായി! ഇതല്ലേ ഇരട്ടത്താപ്പ്?

പാതിരാപ്രസംഗങ്ങൾക്ക് സദസ്സ് നിറക്കാനും ശിർക്കൻ കേന്ദ്രങ്ങൾ തേടി അലയാനും സ്ത്രീകൾക്ക് അനുമതി നൽകുന്നതിൽ യാതൊരു പ്രശ്നവും ഇവർ കാണുന്നുമില്ല!

“വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തും രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നവോത്ഥാന സംരംഭങ്ങൾ തങ്ങളാൽ ഉണ്ടായതാണെന്ന അർത്ഥശൂന്യമായ അവകാശവാദവുമായി ബിദഈ ന്യൂനപക്ഷം രംഗത്തുള്ളതായി കണ്ടുവരുന്നു. ഇത്തരം നെറികെട്ട പ്രവണതകൾ സമൂഹത്തിൽ വളർന്നുവരുന്നത് നോക്കി നിൽക്കാൻ സമസ്തയുടെ കീഴിൽ പ്രവർത്തിക്കുന്ന സമൂഹത്തിന്റെ പിന്തുണയുള്ള യുവജന പ്രസ്ഥാനം നടത്തുന്ന ഈ കാമ്പയിനിലൂടെ സമൂഹത്തിന് ഒരുപാട് നല്ല സന്ദേശങ്ങൾ നൽകാൻ കഴിയും” (പേജ് 55).

‘വിദ്യാഭ്യാസ രംഗം,’ ‘സാംസ്കാരിക രംഗം,’ നവോത്ഥാന സംരംഭം’ എന്നൊക്കെയുള്ള ‘പച്ചമലയാള’ വാക്കുകൾ ഉച്ചരിക്കാൻ പോലും സമസ്തക്കാർക്ക് അനുമതിയുണ്ടായിരുന്നില്ലെന്നും അതിനുള്ള സ്വാതന്ത്ര്യം പോലും നേടിത്തന്നത് ഇവർ അപഹസിക്കുന്ന മുജാഹിദ് പണ്ഡിതന്മാരാണെന്നുമുള്ള വസ്തുത പുതുതലമുറ മനസ്സിലാക്കേണ്ടതുണ്ട്.

അർഥശൂന്യമായ അവകാശവാദം നടത്തുന്നത് യഥാർഥത്തിൽ സമസ്തക്കാരല്ലേ? എത്രയോ കാര്യങ്ങളുണ്ട് എണ്ണിപ്പറയാൻ. മുജാഹിദുകൾ തങ്ങളുടെ ശ്രമഫലമായി ഉണ്ടായ മാറ്റങ്ങൾ എടുത്തുപറയുന്നത് എങ്ങനെയാണ് അർഥശൂന്യമായ അവകാശവാദമാകുന്നത്? നവോത്ഥാന നായകരുടെ നിസ്വാർഥമായ പരിശ്രമത്താൽ സമൂഹം മാറിത്തുടങ്ങിയപ്പോൾ സമസ്തക്ക് നിലപാടുകൾ മാറ്റേണ്ടി വന്നു എന്നതാണ് വസ്തുത. അവരത് സമ്മതിച്ചാലും ഇല്ലെങ്കിലും. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ
നവോത്ഥാന നായകൻ 19

# പത്താം വാർഷിക സമ്മേളനവും കാർഷിക പ്രദർശനവും

**പത്താം വാർഷികസമ്മേളനം**

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ പത്താം വാർഷിക സമ്മേളനം 1932ൽ അതിന്റെ ജന്മദേശമായ ഏറിയാടുവച്ച് തന്നെയാണ് സംഘടിപ്പിക്കപ്പെട്ടത്. പ്രബോധനരംഗത്ത് കഴിഞ്ഞ പതിനൊന്ന് വർഷക്കാലം വിശ്രമമില്ലാതെ പണിയെടുക്കുകയും ഓരോ വാർഷികസമ്മേളനങ്ങളും വിജയിപ്പിക്കുന്നതിൽ അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്ത ഇ.കെ.മൗലവി ഈ സമ്മേളനം നടക്കുമ്പോൾ അനുഭവിച്ച വികാരത്തെക്കുറിച്ച് വിശദീകരിച്ചത് മക്കാവിജയത്തിന്റെ പ്രതീതി എന്നായിരുന്നു. ഇ.കെ.മൗലവി സമ്മേളനത്തെ വിശദികരിക്കുന്നത് കാണുക:

"ഈ 11 കൊല്ലങ്ങൾക്കിടയിൽ അവിടെ സംഘത്തിന് ഉണ്ടായിരുന്ന വിരോധികളെല്ലാം അനുകൂലികളായി മാറിക്കഴിഞ്ഞിരുന്നു. തന്മൂലം വഴക്കും വക്കാണവും കൂടാതെ ഒരു തെളിഞ്ഞ അന്തരീക്ഷത്തിൽ



എറിയാട് നടന്ന മുസ്‌ലിം ഐക്യസംഘത്തിന്റെ പത്താം വാർഷിക സമ്മേളനത്തിന്റെ ആകർഷണീയത അതോടനു ബന്ധിച്ച് നടന്ന കാർഷിക പ്രദർശനമായിരുന്നു. ഐക്യസം ഘത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സാമ്പത്തിക ചെലവുകൾക്കാവശ്യമായ പണം ലഭിച്ചിരുന്നത് പ്രധാനമായും കർഷകരിൽനിന്നും ഭൂവുടമകളിൽനിന്നുമാണ്. വിപുലമായ കാർഷിക പ്രദർശനം ഒരുക്കി അവരുടെ കൂടി താല്പര്യങ്ങൾ കണക്കിലെടുക്കാനും സമ്മേളനം വ്യത്യസ്തമാക്കാനും സംഘാടകർക്കു കഴിഞ്ഞു.

അതു ഭംഗിയായി കൊണ്ടാടപ്പെട്ടു. ഈ യോഗത്തിന്റെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത് ആജീവനാന്തം മാപ്പിള സമുദായത്തിന്റെ നന്മയ്ക്കായി പ്രവർത്തിച്ചുവന്ന അഡ്വ. ബി പോക്കർ സാഹിബായിരുന്നു.

ഈ വാർഷിക യോഗത്തോടനുബന്ധിച്ച് ഒരു കാർഷിക പ്രദർശനവും നടത്തപ്പെടുകയുണ്ടായി. ചുരുക്കത്തിൽ മക്കാവിജയത്തിന്റെ പ്രതീതിയാണ് അവിടെ ദൃശ്യമായത്. പരിശീലനം സിദ്ധിച്ച നൂറുകണക്കിനുള്ള വോളന്റിയർമാർ എന്തും ചെയ്യാൻ സന്നദ്ധരായി കാണപ്പെട്ടു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വന്നുചേരുന്ന ജനക്കൂട്ടത്തെ യഥോചിതം സ്വീകരിക്കുന്നതിനുവേണ്ടി വോളന്റിയർ സേന തയ്യാറെടുത്തു കാത്തുനിൽക്കുകയാണ്.

ഒന്നാമത്തെ പരിപാടി കാവിൽ കടത്തുകടവിൽവെച്ച് അധ്യക്ഷനെ സ്വീകരിക്കുക എന്നതായിരുന്നു. ഏതാനും പ്രവർത്തകരും വോളന്റിയർമാരും 10 മണിക്കു തന്നെ കാവിൽ കടവിലേക്കു പോയി. സ്ഥലത്തുള്ളവർ അധ്യക്ഷന്റെ വരവും കാത്തുനിൽക്കുകയാണ്. അതിനിടയ്ക്ക് ആരോ ചിലർ വന്ന് ഇങ്ങനെ പറഞ്ഞു: ‘അതാ വടക്കു ഭാഗത്തുള്ള റോഡിൽകൂടി കണ്ണൂർ തൊപ്പി ധരിച്ച ഒരു ചെറിയ മനുഷ്യൻ വരുന്നു.’ കാത്തുനിൽക്കുന്ന ഞങ്ങളുടെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. ആ വരുന്ന ആൾ മറ്റാരുമായിരുന്നില്ല. യോഗാധ്യക്ഷൻ ബി.പോക്കർ സാഹിബ് തന്നെ. കരൂപടന്ന വന്നിറങ്ങിയ പോക്കർ സാഹിബ് ഒരു ചെറിയ തോണിയിൽ കയറി കോതപറമ്പിൽ ഇറങ്ങി എറിയാട്ടേക്ക് നടന്നു വരുകയാണുണ്ടായത്. ചുരുക്കിപ്പറഞ്ഞാൽ, അധ്യക്ഷൻ യോഗഭാരവാഹികളെ ഒന്നു കളിപ്പിച്ചു. അപ്പോഴേക്ക് അധ്യക്ഷനെ സ്വീകരിക്കാൻ പോയവരും തിരിച്ചെത്തി. അധ്യക്ഷൻ വന്നില്ലെന്നു മാത്രമാണ് അവർക്ക് പറയാനുണ്ടായിരുന്നത്. യോഗം കൃത്യസമയത്തുതന്നെ തുടങ്ങുകയും ഭംഗിയായി അവസാനിക്കുകയും ചെയ്തു. 11 വർഷ കാലം കൊടുങ്ങല്ലൂരിൽ ഒരഭയാർഥിയായി താമസിച്ചുവന്ന കെ.എം. മൗലവി സാഹിബ് (മർഹൂം) ആയിരുന്നു യോഗനടപടികൾ നിയന്ത്രിച്ചതെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

രണ്ടു ദിവസങ്ങളിലായാണ് സമ്മേളനം നടന്നത്. രണ്ടാമത്തെ യോഗം അവസാനിക്കുന്നതിന് അൽപം മുമ്പായി സെന്റ് ജോർജ് ഗസറ്റുമായി ഒരാൾ ആഹ്ലാദത്തോടുകൂടി അവിടെ എത്തിച്ചേർന്നു. അയാൾ പറഞ്ഞു: “മലബാർ ലഹളയുടെ പേരിൽ പിടികിട്ടാനുള്ള

പുള്ളികളുടെ പേരിലുണ്ടായിരുന്ന ചാർജുകൾ ഗവൺമെന്റ് പിൻവലിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ കെ.എം.മൗലവി സാഹിബിന്റെ പേരുമുണ്ട്. തദവസരത്തിൽ ആ സദസ്സിലുണ്ടായ ആഹ്ലാദത്തിനു കൈയും കണക്കുമില്ല. ഇതിനുവേണ്ടി നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന യോഗാധ്യക്ഷന്റെ സന്തോഷത്തെപ്പറ്റി പ്രത്യേകം പറയേണ്ടതില്ലല്ലോ. ഉടനെ എം.സി.സി അബ്ദുർറഹ്മാൻ മൗലവി ഒരപേക്ഷയുമായി മുമ്പോട്ടുവന്നു. കെ.എം.മൗലവി സാഹിബിനെ മലബാറിലേക്കു വിട്ടുകൊടുക്കണമെന്നായിരുന്നു ആ അപേക്ഷ. അതിനെ പലരും എതിർത്തുവെങ്കിലും സംഘത്തിന്റെ ഉദ്ദേശ്യങ്ങളും ആദർശങ്ങളും മലബാറിലും കൂടി വ്യാപിക്കുന്നതിന് അതു നന്നായിരിക്കുമെന്ന നിലയ്ക്ക് ആ അപേക്ഷ സ്വീകരിക്കുകതന്നെ ചെയ്തു."(50)

ഈ സമ്മേളനത്തിൽവച്ച് ഐക്യസംഘത്തിന് അടുത്ത വർഷത്തേക്കുള്ള കമ്മിറ്റി നിലവിൽ വന്നു. കാസർഗോഡ് നടന്ന പതിനൊന്നാം വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച കഴിഞ്ഞ ഒരു വർഷത്തെ റിപ്പോർട്ടിൽ പുതിയ കമ്മിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ പകർപ്പ് ചുവടെകൊടുക്കുന്നു.


സമസ്ത
കേരളമുസലിം ഐക്യ
സംഘം
കാസർഗോട്ട വെച്ചു
ജനാബ് മൌലാനാ സയ്യിദ്
അബ്ദുൽ വഹാബ് ബുഖാരീ
സാഹേബ് (എം. എ) യുടെ
അദ്ധ്യക്ഷതയിൽ കൂടിയ
11-ാംവാർഷികയോഗത്തിൽ
സമർപ്പിച്ച റിപ്പോർട്ട്.
1934 മെയി 5-ാംനു-


റിപ്പോർട്ട് വർഷത്തിലെ നിർവ്വാഹക ......
അംഗങ്ങളും ഉദ്യോഗസ്ഥന്മാരും.

കഴിഞ്ഞ 10-ാം വാർഷികയോഗത്തിൽവെച്ചു താഴെ പറയുന്നവരെ റിപ്പോർട്ട്‌വർഷത്തെക്കുള്ള നിർവ്വാഹകകമ്മിററിയിലെ അംഗങ്ങളായും ഉദ്യോഗസ്ഥന്മാരായും തിരഞ്ഞെടുക്കപ്പെട്ടു:

1. ജ: കെ. എം. സീതിസാഹിബ് B. A. B. L. (പ്രസിഡെണ്ട)
2 ,, കെ. എം. കണ്ണാടിപ്പറമ്പ ,, (വൈസ്പ്രസിഡെണ്ട)
3 ,, മനപ്പാട്ട് പി. കുഞ്ഞിമുഹമ്മദ്ഹാജി ,, (ജനറൽ സിക്രട്ടറി)
4. ,, ഇ. കെ. മൌലവി ,, (വർക്കിംഗ്സിക്രട്ടറി)
5. ,, കെ. സി കുഞ്ഞിക്കോയ ,, (ജോയിണ്ട സിക്രട്ടറി)
6. ,, എ. കെ. അബ്ദുല്ല ,, ബി. എ. (ജനറൽകാപ്റ്റൻ)
7. ,, കെ. എം. കാതിമുഹമ്മദ് ,, (പ്രധാനന്യായാധിപൻ)
8. ,, പി. കെ. മുഹമ്മദ് ഹാജി ,, (എറിയാഡ്)
9. ,, കെ. എം. കുഞ്ഞമ്പു ,, ,,
10. ,, എ. ഹാ. അബ്ദുർറഹിമാൻ ,, ,,
11. ,, പി. കൊച്ചുമൊയ്തീൻ ഹാജി ,, ,,
12. ,, കെ. സി. അഹമ്മദ്കുട്ടിഹാജി ,, ,,
13 ,, കെ. എം. ഇബ്രാഹിം ,, ബി. എ. (അഴീക്കോട്)
14. ജ: പി. എ. അലിമൌലവി സാഹിബ് (മാടവന)
15. ,, പി. അഹമ്മദ്കുട്ടി ,, (പതിനാറുയാമം)
16 ,, മുഹമ്മദ്ശെരുൽ ,, (പാടൂർ) S. K.
17. ,, സി. എച്ച്. കുഞ്ഞിക്കലന്തൻ ,, (കല്ലനാട്)
18. ,, മൌലവിഅറബിശംനാട് ,, (കാസ്രഗോട്ട്)
19. ,, ടി. കെ. മൌലവി ,, (പാനൂർ)
20 ,, ഹാജിഅബ്ദുസ്സത്താർഹാജി ഇസ്ഹാക്ക് ,, (തലശ്ശേരി)
21. ,, എം. സി. സി. അബ്ദുർറഹമാൻമൌലവി ,, (പരപ്പനങ്ങാടി)
22. ,, കെ സെയ്തുഹമ്മദ്ഹാജി ,, (മതിലകം)
23. ,, പി. സി. എച്ച്. ആലിഹാജി ,, (മലപ്പുറം)
24. ,, പി. പി. ഉബൈദുല്ലാ മൌലവി ,, (പുളിക്കൽ)
25. ,, പി. കുഞ്ഞിക്കമ്മുട്ടി ,, (എറണാകുളം)
26. ,, പി. മുഹമ്മദ്മൊയ്തീൻ ,, (വാഴം)
27. ,, കെ. എം മൌലവി ,, (തിരൂരങ്ങാടി)
28. ,, എസ്സ്. കോയക്കുട്ടി ,, (കണ്ടത്തിൽകടവ്)

വാർഷികയോഗാനന്തരം .

എറിയാട് നടന്ന മുസ്‌ലിം ഐക്യസംഘത്തിന്റെ പത്താം വാർഷിക സമ്മേളനത്തിന്റെ ആകർഷണീയത അതോടനുബന്ധിച്ച് നടന്ന കാർഷിക പ്രദർശനമായിരുന്നു. ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സാമ്പത്തിക ചെലവുകൾക്കാവശ്യമായ പണം ലഭിച്ചിരുന്നത് പ്രധാനമായും കർഷകരിൽനിന്നും ഭൂവുടമകളിൽനിന്നുമാണ്. വിപുലമായ കാർഷിക പ്രദർശനം ഒരുക്കി അവരുടെ കൂടി താല്പര്യങ്ങൾ കണക്കിലെടുക്കാനും സമ്മേളനം വ്യത്യസ്തമാക്കാനും സംഘാടകർക്കു കഴിഞ്ഞു.

കാർഷിക പ്രദർശനം സംഘടിപ്പിക്കുന്നതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങൾ നൽകിയതും പങ്കെടുത്തവർക്ക് സമ്മാനം നൽകുന്നതിനുള്ള പണം നൽകിയതും കൊച്ചി ഗവൺമെന്റ് ആയിരുന്നു, പതിനൊന്നാം വാർഷിക സമ്മേളന റിപ്പോർട്ടിൽ കാർഷിക പ്രദർശനം നടത്താൻ സഹായിച്ച കൊച്ചി ഗവൺമെന്റിന് പ്രത്യേകം നന്ദി രേഖപ്പെടുത്തിയതായി കാണാം.

പത്താം വാർഷിക സമ്മേളനത്തോടെ കേരളത്തിലെ പ്രമുഖ മുസ്‌ലിം കേന്ദ്രങ്ങളിലെല്ലാം വാർഷിക സമ്മേളനം നടന്നുകഴിഞ്ഞിരുന്നു.

### പതിനൊന്നാം വാർഷികസമ്മേളനം

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ പതിനൊന്നാം വാർഷികസമ്മേളനം 1934ൽ തെക്കൻ കർണാടകയിൽ പെട്ട കാസർകോട്ടുവച്ച് നടന്നു. പ്രമുഖ സലഫീ പണ്ഡിതനായിരുന്ന മദിരാശിയിലെ സയ്യിദ് അബ്ദുൽ വഹ്ഹാബ് ബുഖാരിയായിരുന്നു അധ്യക്ഷൻ. ഈ സമ്മേളനത്തെക്കുറിച്ച് ഇ.കെ.മൗലവി എഴുതിയത് ചുവടെ കൊടുക്കുന്നു:

"കാസർകോഡ് താലൂക്കിലെ മുസ്‌ലിംകൾ ആരംഭം മുതൽക്കുതന്നെ ഐക്യസംഘത്തിന്റെ സഹായികളും സഹപ്രവർത്തകരുമായിരുന്നു. മൂന്നാം വാർഷിക യോഗത്തിന്റെ അധ്യക്ഷൻ തന്നെ പരേതനായ മഹ്മൂദ് ചെമ്മനാട് സാഹിബായിരുന്നു. മുഹമ്മദ് ശുറൂൽ സാഹിബിനെപ്പോലുള്ള പല മാന്യൻമാരും മുമ്പ് നടന്ന വാർഷികയോഗങ്ങളിൽ പങ്കെടുത്തിട്ടുമുണ്ട്. കുഞ്ഞി



ക്കലന്തർ സാഹിബ്, അറബി ചെമ്മനാട് സാഹിബ് മുതലായ പല മാന്യന്മാരും നാട്ടുപ്രമാണിമാരും ഉൽപതിഷ്ണുക്കളും മതപരവും ഭൗതികപരവുമായ വിദ്യാഭ്യാസം സിദ്ധിച്ചവരും ആയിരുന്നു. തന്മൂലം കാസർകോട്ടു നടന്ന വാർഷികയോഗം വഴക്കും വക്കാണവും കൂടാതെ കഴിഞ്ഞു. വഴക്കുണ്ടാകുമെന്നായിരുന്നു എല്ലാവരും കരുതിയിരുന്നത്. യോഗാധ്യക്ഷനാകട്ടെ, എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്ന സയ്യിദ് അബ്ദുൽ വഹ്ഹാബ് ബുഖാരി സാഹിബുമാണ്. വാർഷികയോഗത്തിന്റെ പ്രവർത്തനങ്ങൾ ആവേശത്തോടും ഉന്മേഷത്തോടും കൂടി മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു.

അന്നത്തെ കാസർകോട്ടെ ഖാസിയും മുദർരിസും ആയഞ്ചേരിക്കാരൻ തറക്കണ്ടി അബ്ദുർറഹ്മാൻ മുസ്‌ല്യാരാണ്. അദ്ദേഹവും ഒരു ഉൽപതിഷ്ണുവാണെന്നാണ് വെപ്പ്. കാരണം അദ്ദേഹത്തിന്റെആദ്യകാലത്തെ ഗുരുനാഥൻ തട്ടാങ്ങര കുട്ടിയമ്മു മുസ്‌ല്യാരും അവസാനത്തെ ഗുരുവര്യൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി (മർഹൂം) അവർകളുമായിരുന്നു. ഇതിനെല്ലാം പുറമേ അദ്ദേഹം വിവാഹം ചെയ്തിരുന്നത് കുഞ്ഞഹമ്മദ് ഹാജി മർഹൂമിന്റെ ശിഷ്യനും ഒരു ഉൽപതിഷ്ണുവുമായ കടവത്തൂർ പറമ്പത്ത് മൊയ്തീൻകുട്ടി മുസ്‌ല്യാരുടെ മരുമകളെയാണ്. ഇത്തരം കാരണങ്ങളാൽ കാസർകോഡ് ഖാസിയുടെ സഹായം സംഘത്തിനു വേണ്ടുവോളം ഉണ്ടാകുമെന്നായിരുന്നു പ്രവർത്തകന്മാരുടെ വിശ്വാസം. പക്ഷേ, ഞങ്ങൾ കാസർകോട്ട് എത്തിയപ്പോൾ കേട്ട കഥ തികച്ചും നിരാശാജനകമായിരുന്നു. 'ഇവിടെ വെച്ച് ഐക്യസംഘത്തിന്റെ വാർഷിക യോഗം നടക്കാൻ പോകുന്നുണ്ടെന്നു കേട്ടു; ആ യോഗത്തിൽ ആരും പങ്കെടുക്കരുത്' എന്നു ഖാസി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത്തരം പ്രഖ്യാപനങ്ങളും മറ്റും മുമ്പ് പല സ്ഥലങ്ങളിൽ വെച്ചും അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ട് ഞങ്ങൾക്ക് അതിൽ ഒരു പുതുമയും തോന്നിയില്ല. വരുന്നതു വരട്ടെ എന്ന് ഞങ്ങളും തീരുമാനിച്ചു.

അടുത്ത ദിവസം രാവിലെ അറബി ചെമ്മനാട് സാഹിബ് ജുമുഅത്ത് പള്ളിയിൽ കടന്നുചെന്ന് ഖാസിയാർക്കു സലാം ചൊല്ലിയപ്പോൾ ഖാസിയാർ സലാം മടക്കി അദ്ദേഹത്തെ സ്വീകരിച്ചിരുത്തിക്കൊണ്ട് എന്താണിപ്പോൾ വന്നതെന്ന് ചോദിച്ചു.

ചെമ്മനാട് സാഹിബ് പറഞ്ഞു: "ഞാൻ കലമ്പുവാനാണ് വന്നത്." (ചെമ്മനാട് കാസർകോട്ടുകാരുടെ നാടൻ മലയാളത്തിലാണ് സംസാരിക്കാറ് പതിവ്).

ഖാസിയാർ: "നിങ്ങൾ എന്തിനാണ് എന്നോട് കലമ്പുന്നത്?"

ചെമ്മനാട്: "ഐക്യസംഘത്തെപ്പറ്റി നിങ്ങൾക്ക് വല്ലതും അറിയാമോ? കേരളത്തിലെ മുസ്‌ലിംക

ളെ ഐക്യത്തിലേക്കു ക്ഷണിക്കുകയും ഇസ്‌ലാമിന്റെ തനിരൂപം ജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സംഘത്തിന്റെ വാർഷികയോഗത്തിൽ ആരും പങ്കെടുക്കരുതെന്ന് നിങ്ങൾ നാട്ടുകാരെ വിരോധിച്ചില്ലേ? നിങ്ങളെപ്പോലുള്ളവർ കേരള മുസ്‌ലിംകളുടെ ഇടയിൽ പ്രചരിപ്പിച്ചിട്ടുള്ള അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും എതിർക്കുന്നുവെന്നതാണോ ഐക്യസംഘം ചെയ്ത കുറ്റം? ഐക്യസംഘത്തിൽ നിങ്ങൾ കണ്ട തെറ്റെന്താണ്? തെറ്റുണ്ടെങ്കിൽ നിങ്ങൾ തുറന്നു പറയണം. അതാണ് നിങ്ങൾ ചെയ്യേണ്ടത്; അല്ലാതെ ജനങ്ങളെ അതിൽ പങ്കെടുക്കുന്നതിൽനിന്ന് തടയുകയല്ല. ഐക്യസംഘക്കാരിലുള്ള തെറ്റെന്താണെന്നു തുറന്നുപറയാതെ നിങ്ങളെ വിടുകയില്ല. എന്താണ് തെറ്റ്?'

ഖാസിയാർ: "ഐക്യസംഘക്കാരിൽ തെറ്റുണ്ടെന്ന നിലക്കല്ല ഞാൻ അങ്ങനെ പറഞ്ഞത്. മറിച്ച് ഐക്യസംഘക്കാരുടെ ഭാഷ നിങ്ങൾക്കു മനസ്സിലാവാത്തതുകൊണ്ട് തെറ്റിദ്ധരിക്കാൻ ഇടവന്നേക്കാമെന്നു കരുതിയാണ് അങ്ങനെ പറഞ്ഞത്."

ചെമ്മനാട്: "അങ്ങനെയാണെങ്കിൽ നിങ്ങൾ അത് അവരോട് തുറന്നുപറയണം."

ഖാസിയാർ അതു സമ്മതിക്കുകയും അവരോട് കാര്യം തുറന്നുപറയുകയും ചെയ്തു. ആ വഴക്ക് അങ്ങനെ അവസാനിക്കുകയും ചെയ്തു. യോഗം വിചാരിച്ചതിലധികം ഭംഗിയായി നടന്നു. ഖാസിയാർ യോഗത്തിൽ പങ്കെടുക്കുകയുണ്ടായില്ല. മാത്രമല്ല, രണ്ടാഴ്ചക്കകം അദ്ദേഹം അവിടെനിന്നു പിരിഞ്ഞുപോവുകയും ചെയ്തു. ഈ പിരിഞ്ഞുപോക്കിനുള്ള കാരണം വാർഷികയോഗത്തിൽ അദ്ദേഹം പങ്കെടുക്കാതിരുന്നതാണെന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്. 'ഉപ്പു തിന്നവർ തന്നെ വെള്ളം കുടിക്കുമെന്നാണല്ലോ പഴമൊഴി."(51)

വടക്കൻ കേരളത്തിലെ മുസ്‌ലിം സാമുദായിക നവീകരണ പ്രവർത്തനങ്ങൾക്ക് ഈ സമ്മേളനം പ്രചോദനമായി. കേരള ജംഇയ്യത്തുൽ ഉലമയുടെ വാർഷികം നടന്നതും ഈ കാലയളവിലാണ്. തങ്ങളുടെ സാമുദായിക അംഗങ്ങളിൽനിന്നുതന്നെ പലതരത്തിലുള്ള പ്രതിഷേധങ്ങൾ നേരിടേണ്ടിവന്നെങ്കിലും സംഘാംഗങ്ങളുടെ സന്ദർഭോചിതമായ ഇടപെടലുകളിലൂടെ ഈ പ്രശ്നങ്ങളെ മറികടക്കാൻ സാധിച്ചു.

ഐക്യസംഘത്തിന്റെ വാർഷിക സമ്മേളനം കാസർഗോഡ് ചേരുന്നതിനു മുമ്പുതന്നെ ആ പ്രദേശങ്ങളിൽ ഒട്ടേറെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഐക്യസംഘത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന മൗലവി ശെറൂൽ സാഹിബ് ആയിരുന്നു ഇതിന് നേതൃത്വം നൽകിയത്. കേരള മുസ്‌ലിം ഐക്യസംഘം കൊടുങ്ങല്ലൂരിൽ പിറന്ന കാലം (1923) മുതൽ അതിന്റെ നേതാവായിരുന്നു ശെറൂൽ എന്ന് ഇ.കെ.മൗലവി എഴുതിയിട്ടുണ്ട്. കുട്ടികളെ സ്കൂളിലയക്കാത്ത രക്ഷിതാക്കളെ ബഹിഷ്കരിക്കണം എന്ന ശെറൂലിന്റെ ആഹ്വാനം അന്ന് കടുത്ത എതിർപ്പുയർത്തിയിരുന്നു. ശെറൂൽ കുടുംബമായിരുന്നു അന്ന് തെക്കൻ കനറയിലെ പല പള്ളികളുടെയും നടത്തിപ്പു ചെലവ് വഹിച്ചിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആഹ്വാനത്തിന് ബലം കൂടുതലുണ്ടായിരുന്നു. ജമാഅത്ത് ബഹിഷ്കരണംഭയന്നെങ്കിലും കുട്ടികളെ അക്ഷരം പഠിപ്പിക്കാനയക്കട്ടെ എന്ന ഉദ്ദേശ്യമേ ശെറൂലിനുണ്ടായിരുന്നുള്ളൂ.

വടക്കെമലബാറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുഴുകി മലയാളം പ്രചരിപ്പിക്കാനും ശെറൂൽ സാഹിബ് മുൻകൈയെടുത്തു. 1922ൽ അദ്ദേഹം സ്വന്തം ഗ്രാമമായ അംഗടിമുഗറിൽ സ്ഥാപിച്ച എയ്ഡഡ് സ്കൂൾ പഴയ കാസർകോട് താലൂക്കിലെ ആദ്യ മലയാളം സ്കൂളുകളിൽ ഒന്നാണ്. 1926ൽ ഫിഷറീസ് വകുപ്പിനെക്കൊണ്ട് ഒരു സ്കൂൾ സ്ഥാപിക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. കവി ടി. ഉബൈദായിരുന്നു അവിടത്തെ ആദ്യ അധ്യാപകൻ. ദേശീയപ്രസ്ഥാന നേതാക്കളുമായി നിരന്തരം ബന്ധപ്പെട്ടിരുന്ന ശെറൂൽ കോൺഗ്രസ് പ്രവർത്തകസമിതി അംഗവുമായിരുന്നു. *(തുടരും)*

*അവലംബം:*

*50. കേരള മുസ്‌ലിം ഐക്യസംഘം-ഇ.കെ.മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം. സമാഹരണം: അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 47.*

*51. കേരള മുസ്‌ലിം ഐക്യസംഘം-ഇ.കെ.മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം. സമാഹരണം: അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 45.*

# സൂറ: യാസീൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 36

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

إِن كَانَتْ إِلَّا صَيْحَةً وَاحِدَةً فَإِذَا هُمْ
جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٥٣﴾ فَالْيَوْمَ لَا
تُظْلَمُ نَفْسٌ شَيْئًا وَلَا تُجْزَوْنَ إِلَّا
مَا كُنتُمْ تَعْمَلُونَ ﴿٥٤﴾ إِنَّ أَصْحَابَ
الْجَنَّةِ الْيَوْمَ فِي شُغُلٍ فَاكِهُونَ ﴿٥٥﴾
هُمْ وَأَزْوَاجُهُمْ فِي ظِلَالٍ عَلَى الْأَرَائِكِ
مُتَّكِئُونَ ﴿٥٦﴾ لَهُمْ فِيهَا فَاكِهَةٌ وَلَهُم
مَّا يَدَّعُونَ ﴿٥٧﴾ سَلَامٌ قَوْلًا مِّن
رَّبٍّ رَّحِيمٍ ﴿٥٨﴾ وَامْتَازُوا الْيَوْمَ أَيُّهَا
الْمُجْرِمُونَ ﴿٥٩﴾ ۞ أَلَمْ أَعْهَدْ إِلَيْكُمْ
يَا بَنِي آدَمَ أَن لَّا تَعْبُدُوا الشَّيْطَانَ ۖ إِنَّهُ
لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾ وَأَنِ اعْبُدُونِي ۚ
هَٰذَا صِرَاطٌ مُّسْتَقِيمٌ ﴿٦١﴾ وَلَقَدْ
أَضَلَّ مِنكُمْ جِبِلًّا كَثِيرًا ۖ أَفَلَمْ
تَكُونُوا تَعْقِلُونَ ﴿٦٢﴾ هَٰذِهِ جَهَنَّمُ
الَّتِي كُنتُمْ تُوعَدُونَ ﴿٦٣﴾ اصْلَوْهَا
الْيَوْمَ بِمَا كُنتُمْ تَكْفُرُونَ ﴿٦٤﴾
الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ وَتُكَلِّمُنَا
أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا
يَكْسِبُونَ ﴿٦٥﴾ وَلَوْ نَشَاءُ لَطَمَسْنَا
عَلَىٰ أَعْيُنِهِمْ فَاسْتَبَقُوا الصِّرَاطَ فَأَنَّىٰ
يُبْصِرُونَ ﴿٦٦﴾ وَلَوْ نَشَاءُ لَمَسَخْنَاهُمْ
عَلَىٰ مَكَانَتِهِمْ فَمَا اسْتَطَاعُوا مُضِيًّا
وَلَا يَرْجِعُونَ ﴿٦٧﴾ وَمَن نُّعَمِّرْهُ نُنَكِّسْهُ
فِي الْخَلْقِ ۖ أَفَلَا يَعْقِلُونَ ﴿٦٨﴾

53. അത് ഒരൊറ്റ ഘോരശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ ഒന്നടങ്കം നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നു.
54. അന്നേദിവസം യാതൊരാളോടും അനീതി ചെയ്യപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല.
55. തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും.
56. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും.
57. അവർക്കവിടെ പഴവർഗങ്ങളുണ്ട്, അവർക്ക് തങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ട്.
58. സമാധാനം! അതായിരിക്കും കരുണാനിധിയായ രക്ഷിതാവിങ്കൽ നിന്ന് അവർക്കുള്ള അഭിവാദ്യം.
59. കുറ്റവാളികളേ, ഇന്ന് നിങ്ങൾ വേറിട്ട് നിൽക്കുക (എന്ന് അവിടെ വെച്ച് പ്രഖ്യാപിക്കപ്പെടും).
60. ആദം സന്തതികളേ, ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ; 'നിങ്ങൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷശത്രുവാകുന്നു.
61. നിങ്ങൾ എന്നെ ആരാധിക്കുവിൻ. ഇതാണ് നേരായ മാർഗം' എന്ന്.
62. തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽ നിന്ന് അനേകം സംഘങ്ങളെ അവൻ (പിശാച്) പിഴപ്പിച്ചിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്നവരായില്ലേ?
63. ഇതാ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിരുന്ന നരകം!
64. നിങ്ങൾ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി അതിൽ കടന്ന് എരിഞ്ഞുകൊള്ളുക.
65. അന്ന് നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്.
66. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കണ്ണുകളെ നാം തുടച്ചുനീക്കുമായിരുന്നു. എന്നിട്ടും പാതയിലൂടെ മുന്നോട്ട് നീങ്ങാൻ അവർ ശ്രമിച്ചേനെ. എന്നാൽ അവർക്കെങ്ങനെ കാണാൻ കഴിയും?
67. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ നിൽക്കുന്നേടത്ത് വെച്ചുതന്നെ അവർക്ക് നാം രൂപഭേദം വരുത്തുമായിരുന്നു. അപ്പോൾ അവർക്ക് മുന്നോട്ട് നീങ്ങാൻ സാധിക്കുകയില്ല. അവർക്ക് തിരിച്ചുപോകാനുമാവില്ല.
68. വല്ലവന്നും നാം ദീർഘായുസ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ചു കൊണ്ടുവരുന്നു. എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?

(53). ക്വബ്റുകളിൽനിന്നുള്ള ഉയിർത്തെഴുന്നേൽപ് (ഒരൊറ്റ ഘോരശബ്ദം). (ഇത് ആയിരിക്കും) ഇസ്റാഫീൽ കാഹളത്തിൽ ഊതുന്ന ഊത്ത്. അപ്പോൾ ശരീരങ്ങൾ ജീവിക്കും. (അപ്പോഴതാ അവർ ഒന്നടങ്കം നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നു) ആദ്യകാലക്കാരും അവസാന കാലക്കാരും മനുഷ്യരും ജിന്നുകളും; അവരുടെ പ്രവർത്തനങ്ങളുടെ വിചാരണക്കായി.

(54). (അന്നേദിവസം യാതൊരാളോടും അനീതി ചെയ്യപ്പെടുകയില്ല) ചെയ്ത നന്മകൾക്ക് പ്രതിഫലം കിട്ടാതെ വരികയോ ചെയ്യാത്ത കുറ്റം ചുമത്തപ്പെടുകയോ ഇല്ല. (നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയില്ല) നല്ലതിനും തിന്മക്കുമല്ലാതെ പ്രതിഫലം നൽകപ്പെടുകയില്ല. വല്ല നന്മയും കണ്ടെത്തിയാൽ അവൻ അല്ലാഹുവിനെ സ്തുതിക്കട്ടെ. തിന്മയാണെങ്കിലോ തന്നെത്തന്നെ കുറ്റപ്പെടുത്തട്ടെ.

(55,56). ഓരോരുത്തർക്കും അവർ ചെയ്തതിനു മാത്രമെ പ്രതിഫലം ലഭിക്കൂ. രണ്ടു കൂട്ടരുടെയും പ്രതിഫലം ഇവിടെ പറഞ്ഞു. ആദ്യം പറഞ്ഞത് സ്വർഗക്കാരുടെതാണ്. അവർ (ഓരോ ജോലിയിൽ ആയിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും) മനസ്സ് ആഗ്രഹിക്കുന്നതും കണ്ണിന് ആനന്ദം നൽകുന്നതും. ആഗ്രഹിക്കാവുന്നതെല്ലാമുണ്ടോ അവകൊണ്ട് മനസ്സിനെ സുഖിപ്പിക്കുന്ന ജോലികളിൽ അവർ വ്യാപൃതരാകും. (അവരും അവരുടെ ഇണകളും) സുന്ദരികളായ ഇണകളോടൊപ്പമുള്ള സന്തോഷവും അതിൽ പെടുന്നു. അതായത് സ്വർഗസുന്ദരികൾ, മുഖസൗന്ദര്യവും ശരീരഭംഗിയും സ്വഭാവഗുണങ്ങളും ചേർന്നവർ. (അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും) മനോഹരമായ അലങ്കരിച്ച വസ്ത്രങ്ങൾ ധരിച്ച്, കട്ടിലുകളിൽ. (ചാരിയിരിക്കുന്നവരായിരിക്കും) ചാരിയിരിക്കുന്നുവെന്നത് പരിപൂർണമായ സന്തോഷത്തെയും സമാധാനത്തെയും ആസ്വാദനത്തെയും സൂചിപ്പിക്കുന്നു.

(57). (അവർക്കവിടെ പഴവർഗങ്ങളുണ്ട്) എല്ലാതരം രുചികരമായ പഴങ്ങളും; മുന്തിരിയും അത്തിപ്പഴവും മാതളനാരങ്ങയും തുടങ്ങി (അവർ ആവശ്യപ്പെടുന്നതെല്ലാം). അവർ എന്താവശ്യപ്പെട്ടാലും ആഗ്രഹിച്ചാലും അവർക്കത് ലഭിക്കും.

(58). അവർക്കാകട്ടെ 'സലാം' (സമാധാനം) എന്ന ഒരു വചനം അവരുടെ ഏറ്റവും കരുണാമയനായ രക്ഷിതാവിന്റെ അ ടുക്കൽ നിന്ന് പഠിക്കുകയും ചെയ്യും. സ്വർഗത്തിലുള്ളവരെ അല്ലാഹു അഭിസംബോധന ചെയ്യുകയും അഭിവാദ്യം അർപ്പിക്കുകയും ചെയ്യുമെന്ന് ഇതിലുണ്ട്. അതിനെ ശക്തിപ്പെടുത്തുന്നതാണ് ആ വാക്ക്. അല്ലാഹു അവർക്ക് സലാം അർപ്പിച്ചാൽ അവർക്ക് എല്ലാ നിലയിലും പൂർണസമാധാനം ലഭിക്കും. അതിനെക്കാളും വലിയൊരു അഭിവാദ്യം വേറെ എന്താണുള്ളത്! അതിനെക്കാളും വലിയൊരനുഗ്രഹം മറ്റെന്താണുള്ളത്! രാജാധിരാജന്റെ, മഹാനായ രക്ഷിതാവിന്റെ അഭിവാദ്യത്തെക്കുറിച്ച് നിന്റെ വിചാരമെന്താണ്? ദയാപരനും കരുണാനിധിയുമായവന്റെ ആദരണീയഭവനത്തിൽ താമസിക്കുന്നവർ; അല്ലാഹുവിന്റെ തൃപ്തി ലഭിച്ചവരാണവർ. ഇനി ഒരിക്കലും അവൻ അവരോട് കോപിക്കില്ല. അവർ ഒരിക്കലും മരിക്കില്ലെന്നും അവരുടെ ഹൃദയങ്ങൾ സന്തോഷവും ആനന്ദവും കൊണ്ട് നീങ്ങിപ്പോകില്ലെന്ന് തീരുമാനിച്ചിട്ടില്ലായിരുന്നുവെങ്കിൽ അത് സംഭവിക്കുമായിരുന്നു. അല്ലാഹു നമുക്ക് സുഖാനുഗ്രഹം നിഷേധിക്കാതിരിക്കട്ടെ. അവന്റെ പരിശുദ്ധമുഖം കാണാൻ അവസരമുണ്ടാക്കട്ടെ.

(59). സൂക്ഷ്മത പാലിക്കുന്നവർക്കുള്ള പ്രതിഫലം പറയുമ്പോൾ തന്നെ കുറ്റവാളികളുടെ പ്രതിഫലവും പറയുന്നു. അവരോട് ഉയിർത്തെഴുന്നേൽപുനാളിൽ പറയപ്പെടും: (കുറ്റവാളികളേ വേറിട്ട് നിൽക്കുക) വിശ്വാസികളിൽനിന്ന് മാറിനിൽക്കുക. നരകത്തിൽ പ്രവേശിക്കപ്പെടുന്നതിനുമുമ്പ് സാക്ഷികൾക്കുമുമ്പിൽ അവർ വഷളാക്കപ്പെട്ടു. അവരോട് പറയും: (ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ?) എന്റെ ദൂതന്മാരുടെ നാവിലൂടെ ഞാൻ നിങ്ങളോട് ഉപദേശിക്കുകയും കൽപിക്കുകയും ചെയ്തതല്ലേ? (ആദം സന്തതികളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത്) അതായത് അനുസരിക്കരുത്. ഈ നിരോധത്തിൽ സർവതെറ്റുകളും നിഷേധങ്ങളും ഉൾപ്പെടും. അതെല്ലാം പിശാചിനുള്ള ആരാധനയും അനുസരണവുമാണ്. (അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു) അതിനാൽ ഞാൻ അവനെതിരെ നിങ്ങൾക്ക് ഏറ്റവും ശക്തമായ മുന്നറിയിപ്പ് നൽകുന്നു. അവനെ അനുസരിക്കരുതെന്ന് താക്കീത് നൽകുന്നു. അവൻ നിങ്ങളെ ക്ഷണിക്കുന്നതിനെ കുറിച്ച് നിങ്ങളെ അറിയിക്കുകയും ചെയ്തിരിക്കുന്നു.

(61,62). കൂടാതെ എന്റെ കൽപനകൾ അനുസരിക്കുകയും ഞാൻ വിലക്കിയതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തുകൊണ്ട് നിങ്ങളെന്നെ ആരാധിക്കണമെന്നും ഞാൻ നിങ്ങളോട് കൽപിച്ചു. (ഇതാണ്) പിശാചിനെ അനുസരിക്കാതിരിക്കലും എന്നെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുക എന്നതാണ് (നേരായ മാർഗം).

നേരായ മാർഗത്തെക്കുറിച്ചു

ള്ള അറിവും അതനുസരിച്ച് പ്രവർത്തിക്കുന്നതും രണ്ടു കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. അതായത്, നിങ്ങൾ എന്റെ കരാറുകൾ പാലിച്ചില്ല. എന്റെ നിർദേശപ്രകാരം പ്രവർത്തിച്ചതുമില്ല.

(തീർച്ചയായും) നിങ്ങളുടെ ശത്രുവായ പിശാചിനെ നിങ്ങൾ മിത്രമാക്കി. (നിങ്ങളുടെ കൂട്ടത്തിൽനിന്ന് അനേകം സംഘങ്ങളെ അവൻ വഴിപിഴപ്പിച്ചിട്ടുണ്ട്) ധാരാളം പടപ്പുകളെ. (എന്നിട്ടും നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്നവർ ആയില്ലേ?) നിങ്ങളുടെ രക്ഷിതാവിനെ മിത്രമാക്കാനും ശരിയായ രക്ഷാധികാരിയായി സ്വീകരിക്കാനും. ഏറ്റവും വലിയ ശത്രുവിനെ മിത്രമാക്കരുതെന്ന കൽപന മനസ്സിലാക്കാൻ നിങ്ങൾക്ക് ബുദ്ധിയില്ലേ. ശരിയായ ബുദ്ധിയുണ്ടെങ്കിൽ നിങ്ങൾ അത് ചെയ്യുമായിരുന്നില്ല.

(63). നിങ്ങൾ ശൈത്വാനെ അനുസരിച്ച് പരമകാരുണികനെ ശത്രുവാക്കി. അവനെ കണ്ടുമുട്ടുന്നതിനെ നിങ്ങൾ കളവാക്കി. ഇപ്പോൾ നിങ്ങൾ അന്ത്യനാളിലെ പ്രതിഫലലോകത്തെത്തി. നിങ്ങളുടെമേൽ ശിക്ഷ യാഥാർഥ്യമായി. (ഇതാ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിരുന്ന ആ നരകം) അതിൽ നിങ്ങൾ അവിശ്വസിച്ചു.

അതിനാൽ നിങ്ങൾ നേർക്കുനേർ കണ്ടുകൊള്ളുക. അവിടെ അവരുടെ ഹൃദയങ്ങൾ ഭയന്നുവിറക്കും. ഭീതിയോടെ ഉറ്റുനോക്കും. വലിയ പരിഭ്രാന്തി ഉണ്ടാകും.

(64). അവരെ നരകത്തിലേക്ക് കൊണ്ടുപോകാനുള്ള കൽപനയോടെ അത് പൂർത്തിയാകും. അവരോട് പറയപ്പെടും: (നിങ്ങൾ അവിശ്വസിച്ചതിന്റെ ഫലമായി അതിൽ കടന്ന് എരിഞ്ഞുകൊള്ളുക; അതിന്റെ ചൂടിൽ നിങ്ങൾ പൊള്ളലേറ്റ് തളർന്നുപോകുന്ന വിധത്തിൽ അതിൽ പ്രവേശിക്കുക. അതിന്റെ ചൂട് നിങ്ങളെ വലയം ചെയ്യും. ചൂട് അതിന്റെ പരമാവധി പ്രാപിക്കും. അല്ലാഹുവിന്റെ തെളിവുകളെ നിഷേധിച്ചതിന്റെ ഫലം; അവന്റെ ദൂതന്മാരെ കളവാക്കിയതിന്റെ ഫലവും.

(65). കഷ്ടപ്പാടിന്റെ വാസസ്ഥലത്ത് സംഭവിക്കാൻ പോകുന്ന നികൃഷ്ടമായ അവസ്ഥ വിശദീകരിക്കുന്നു: (അന്ന് നാം അവരുടെ വായകൾക്ക് സീൽ വെക്കും) അവരെ നാം മൂകരാക്കും. അവർ ചെയ്ത സത്യനിഷേധവും കളവും അവർക്ക് നിഷേധിക്കാനാവില്ല. (അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്) അതായത്, അവർ ചെയ്ത കാര്യങ്ങളെക്കുറിച്ച് അവരുടെ അവയവങ്ങൾ അവർക്കെതിരെ സാക്ഷ്യം വഹിക്കും. എല്ലാറ്റിനെയും സംസാരിപ്പിച്ചവൻ അവയെ സംസാരിപ്പിക്കും.

(66). (നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ കണ്ണുകളെ നാം തുടച്ചുനീക്കുമായിരുന്നു) അവരുടെ സംസാരശേഷി നഷ്ടപ്പെടുത്തിയതുപോലെ കാഴ്ചയും നഷ്ടപ്പെടുത്തുമായിരുന്നു. (എന്നിട്ടും പാതയിലൂടെ മുന്നോട്ടു നീങ്ങാൻ അവർ ശ്രമിച്ചേനെ) അതിനാൽ അവർ തിടുക്കപ്പെട്ടാലും സ്വിറാത്വിലേക്ക് വഴി കണ്ടെത്താൻ അവർക്കാവില്ല. കാരണം, അത് സ്വർഗത്തിലേക്കുള്ള പാതയാണ്. (എന്നാൽ, അവർക്കെങ്ങനെ കാണാൻ കഴിയും) അവരുടെ കണ്ണുകൾ തുടച്ചുനീക്കപ്പെട്ടില്ലേ!

(67). (നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ നിൽക്കുന്നേടത്തുവച്ചുതന്നെ അവർക്ക് നാം രൂപഭേദം വരുത്തുമായിരുന്നു) അവരെ നിശ്ചലമാക്കുമായിരുന്നു. (അപ്പോൾ അവർക്ക് മുന്നോട്ടു നീങ്ങാൻ സാധിക്കുകയില്ല. നരകത്തിൽനിന്ന് രക്ഷപ്പെടാൻ അവർക്ക് തിരിച്ചുപോകാനുമാവില്ല) തീർച്ചയായും ഈ അവിശ്വാസികളിൽ ശിക്ഷയുടെ വചനം യാഥാർഥ്യമായി. അവരെ ശിക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല. വെളിവാക്കപ്പെടുന്ന നരകമല്ലാതെ അവിടെ മറ്റൊന്നില്ല. സ്വിറാത്വിലൂടെ കടന്നുപോകുന്നവർ മാത്രമെ രക്ഷപ്പെടൂ. തങ്ങളുടെ സ്വന്തം വെളിച്ചത്തിൽ കടന്നുപോകുന്ന വിശ്വാസികൾ മാത്രമെ ആ സ്വിറാത്ത് കടക്കൂ. ഇവരെ നരകത്തിൽനിന്ന് രക്ഷപ്പെടുത്താമെന്ന് അല്ലാഹു പറഞ്ഞിട്ടുമില്ല. അവൻ ഉദ്ദേശിച്ചാൽ അവരുടെ കണ്ണുകൾ തുടച്ചുനീക്കാനും ചലനശേഷി ഉണ്ടായിരിക്കെത്തന്നെ എത്രതന്നെ ശ്രമിച്ചാലും സ്വിറാത്വ് കടക്കാൻ അവർക്കാവില്ല. അവനുദ്ദേശിച്ചാൽ അവരുടെ ചലനം ഇല്ലാതാക്കാനും മുന്നോട്ടും പിന്നോട്ടും പോകാൻ കഴിയാതാക്കാനും അവന് കഴിയും. ഇതിനർഥം അവർ സ്വിറാത്വ് മുറിച്ചുകടക്കുന്നില്ല; അതിനാൽ രക്ഷനേടില്ല എന്നതാണ്.

(68). (വല്ലവനും ദീർഘായുസ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ച് കൊണ്ടുവരുന്നു).

അല്ലാഹു പറയുന്നു: (വല്ലവനും നാം ദീർഘായുസ്സ് നൽകുന്നുവെങ്കിൽ) മനുഷ്യരിൽ. (അവന്റെ പ്രകൃതി നാം തലതിരിച്ച് കൊണ്ടുവരുന്നു) ആദ്യത്തെ അവസ്ഥയിലേക്ക്. ദുർബലാവസ്ഥ. ശരീരവും മനസ്സും ദുർബലമായ അവസ്ഥ. (എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?) എല്ലാ നിലക്കും മനുഷ്യൻ ദുർബലനാണ്. അതിനാൽ അവൻ അവന്റെ ശക്തിയും ബുദ്ധിയും തിരിച്ചറിയുകയും തന്റെ രക്ഷിതാവിനെ അനുസരിക്കുന്നതിൽ അത് ശരിയായി വിനിയോഗിക്കുകയും വേണം. ■

ഡോ. യാസ്മിൻ എം അബ്ബാസ്,
പട്ടാമ്പി

വികാരങ്ങൾക്ക് അടിമപ്പെട്ട് കാര്യങ്ങളിൽ പക്വമായി ഇടപെടാൻ കഴിയാത്ത പ്രതിസന്ധിഘട്ടത്തിൽ ഒരു സുഹൃത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ വലിയ തിരിച്ചറിവുകൾ ലഭിക്കാൻ ഇടയാക്കും.

# വിഷാദ രോഗം;
## കാരണങ്ങളും ചികിത്സയും

കുറച്ചു കാലമായി നാം വളരെയധികം കേട്ടുവരുന്ന വാക്കാണ് ഡിപ്രഷൻ അഥവാ വിഷാദം എന്നത്.കോവിഡാനന്തര കാലത്ത് ഡിപ്രഷൻ എന്ന പ്രതിസന്ധി അനുഭവിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചതായി കണ്ടുവരുന്നു. മനുഷ്യരിലുള്ള 'സന്തോഷം,' 'വിഷമം,' 'ഭയം' തുടങ്ങിയ വികാരങ്ങളെ പോലെയുള്ള ഒരു വികാരം തന്നെയാണ് വിഷാദവും. ഉറ്റവരുടെ മരണം, പരീക്ഷയിലെ തോൽവി, അസുഖങ്ങൾ, ജോലി സംബന്ധമായ പ്രതിസന്ധികൾ പോലുള്ള സന്ദർഭങ്ങളിൽ മാനുഷികമായി ഉണ്ടാവുന്ന ഒരു വികാരമാണിത്. ഇത് എപ്പോഴാണ് യഥാർഥത്തിൽ ഒരു രോഗാവസ്ഥയായി പരിഗണിക്കപ്പെടുന്നത്? സ്ഥായിയായ വിഷാദഭാവം രണ്ടാഴ്ചയിൽ കൂടുതൽ നിലനിൽക്കുമ്പോഴാണ് ഈ അവസ്ഥയെ അസാധാരണമായി കണക്കാക്കുന്നത്.

**ലക്ഷണങ്ങൾ**

1. അകാരണമായ, സ്ഥായിയായ വിഷമാവസ്ഥ.
2. ജോലികൾ ചെയ്യാനുള്ള താൽപര്യം കുറവ്: വീട്ടുജോലികളായാലും താൽപര്യപൂർവം ചെയ്തിരുന്ന മറ്റു ജോലികളായാലും ഒന്നിനോടും താൽപര്യമില്ലാതെ ഒരു അലസത അനുഭവപ്പെടും. ചിലരിൽ ലൈംഗിക താൽപര്യങ്ങൾപോലും നഷ്ടപ്പെടുന്നതായി കാണാം.



3. അകാരണമായ ക്ഷീണം: ദിവസം മുഴുവൻ ഒരു ജോലിയും ചെയ്യാൻ കഴിയാത്തവിധം ക്ഷീണം അനുഭവപ്പെടുകയും പലപ്പോഴും കിടക്കയിൽനിന്നും എഴുന്നേൽക്കാൻ തോന്നാതെ വരികയും ചെയ്യുക.
4. വിശപ്പില്ലായ്മ: വിഷാദരോഗമുള്ളവരിൽ സാധാരണയായി വിശപ്പില്ലായ്മ കണ്ടുവരുന്നു. ഇഷ്ടപ്പെട്ട്, ആസ്വദിച്ച് കഴിച്ചിരുന്ന ഭക്ഷണങ്ങളോട് പോലും വിരക്തി അനുഭവപ്പെടും. എന്നാൽ ചിലരിൽ, പ്രത്യേകിച്ച് കൗമാരക്കാരിൽ വിശപ്പ് കൂടുകയും ധാരാളം ഭക്ഷണം കഴിക്കുകയും ചെയ്യുന്നതായി കാണാറുണ്ട്.
5. ഉറക്കക്കുറവ്: സാധാരണ ഉണരാറുള്ള സമയത്തെക്കാൾ നേരത്തെ ഉറക്കം നഷ്ടപ്പെടുകയും എഴുന്നേറ്റ് ഇരിക്കുകയും ചെയ്യുന്നതാണ് തുടക്കത്തിൽ ഉണ്ടാവുന്ന ലക്ഷണം. പിന്നീട് രാത്രി കിടന്നാൽ ഉറക്കം വരാതിരിക്കുകയും വളരെ വൈകി മാത്രം ഉറങ്ങാൻ സാധിക്കുകയും ഉറങ്ങിയാൽതന്നെ ഇടയ്ക്കിടെ ഉണരുകയും ചെയ്യും. എന്നാൽ കൗമാരക്കാരിൽ ഉറക്കം കൂടുന്നതായും കണ്ടുവരുന്നു.
6. ഏകാഗ്രത കുറവ്: ജോലി ചെയ്യുന്നതിൽ ഏകാഗ്രത ലഭിക്കാതിരിക്കുകയും ചെയ്യുന്ന ജോലികൾ വളരെ പതുക്കെയായി പോവുകയും പല കാര്യങ്ങളും മറന്നുപോവുകയും ചെയ്യും. വിദ്യാർഥികളിൽ ഈ അവസ്ഥ പഠനത്തിൽ പുറകോട്ട് നയിക്കുകയും ചെയ്യുന്നതായി കാണാം.
7. അനിയന്ത്രിതമായ ദേഷ്യം, സങ്കടം എന്നിവയോടുകൂടി പെട്ടെന്ന്, ഉച്ചത്തിലുള്ള പ്രതികരണങ്ങളോടെ അനിഷ്ടം

പ്രകടിപ്പിക്കുക: കൗമാരക്കാരിലാണ് ഇത്തരം ലക്ഷണങ്ങൾ കൂടുതലായി കണ്ടുവരുന്നത്.

8. പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെ അനുഭവപ്പെടുന്ന ശരീര വേദന, കൈകാൽ തരിപ്പ്, വയറു സംബന്ധമായ അസ്വസ്ഥതകൾ തുടങ്ങിയ ശാരീരിക ബുദ്ധിമുട്ടുകൾ: മധ്യവയസ്കരിലാണ് ഇത്തരം ബുദ്ധിമുട്ടുകൾ കൂടുതലായി കണ്ടുവരുന്നത്.
9. വിഷാദാത്മകമായ ചിന്തകൾ, അകാരണമായ കുറ്റബോധം, നിരാശ, ശുഭാപ്തി വിശ്വാസമില്ലായ്മ തുടങ്ങിയവ.
10. ആത്മഹത്യാപ്രവണത: വിഷാദാത്മകമായ ചിന്തകൾ അതിന്റെ പാരമ്യതയിൽ എത്തുമ്പോൾ താൻ സമൂഹത്തിനും കുടുംബത്തിനും ഒരു ഭാരമാണെന്ന തെറ്റായ ഒരു ധാരണയിൽ എത്തുകയും ജീവിതത്തോടുതന്നെ മടുപ്പ് തോന്നുകയും ചെയ്യുന്ന അങ്ങേയറ്റം തീവ്രമായ ഡിപ്രഷൻ അവസ്ഥയിൽ ആളുകളിൽ ആത്മഹത്യാപ്രവണത കണ്ടുവരുന്നു.

മുകളിൽ പറഞ്ഞ ലക്ഷണങ്ങളിൽ അഞ്ചെണ്ണമെങ്കിലും രണ്ടാഴ്ചയിൽ കൂടുതൽ ഒരാളിൽ നിലനിൽക്കുകയാണെങ്കിൽ അത്തരം ആളുകൾ വിഷാദരോഗം പിടിപെട്ടവരാണ് എന്ന് അനുമാനിക്കാം.

**കാരണങ്ങൾ**

പ്രധാനമായും മൂന്ന് കാര്യങ്ങളാണ് വിഷാദരോഗത്തിന് കാരണമാവുന്നത്:

1. ജനിതകപരമായ കാരണങ്ങൾ

മറ്റേത് രോഗങ്ങളെപോലെയും വിഷാദരോഗവും പാരമ്പര്യമായി വരാനുള്ള സാധ്യത ഏറെയാണ്. മാതാപിതാക്കൾക്കോ മറ്റ് അടുത്ത കുടുംബാംഗങ്ങൾക്കോ

മറ്റേത് രോഗങ്ങളെപോലെയും വിഷാദരോഗവും പാരമ്പര്യമായി വരാനുള്ള സാധ്യത ഏറെയാണ്. മാതാപിതാക്കൾക്കോ മറ്റ് അടുത്ത കുടുംബാംഗങ്ങൾക്കോ വിഷാദരോഗം ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരക്കാർക്ക് വിഷാദരോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണ്.



വിഷാദരോഗം ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരക്കാർക്ക് വിഷാദരോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണ്.

2. ജീവശാസ്ത്രപരമായ കാരണങ്ങൾ

മനുഷ്യന്റെ തലച്ചോറിലുള്ള രാസപദാർഥങ്ങളായ dopamine, serotonin nor epinephrine തുടങ്ങിയ വയുടെ ഏറ്റക്കുറച്ചിലുകൾ കാരണം തലച്ചോറിലെ ഒരു കോശത്തിൽനിന്നും മറ്റൊരു കോശത്തിലേക്ക് തെറ്റായ രീതിയിൽ സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയും ഇതുമൂലം വിഷാദരോഗ ലക്ഷണങ്ങളായ പല പെരുമാറ്റ വൈകല്യങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ഹോർമോണുകളുടെ പ്രവർത്തനഫലമായി ഉണ്ടാകുന്നത്: ഇത്തരം വിഷാദരോഗം കൂടുതലായും കണ്ടുവരുന്നത് സ്ത്രീകളിൽ ആർത്തവാരംഭത്തിലും പ്രസവാനന്തരവും ആർത്തവവിരാമത്തിലുമാണ്.

3. സാമൂഹികമായ കാരണങ്ങൾ

ചെറുപ്രായത്തിൽ കുട്ടികൾ നേരിടുന്ന ശാരീരിക, മാനസിക ദുരനുഭവങ്ങൾ ഇതിൽ പ്രധാന പങ്കു വഹിക്കുന്നു. ഇത്തരം കുട്ടികളിൽ വിഷാദരോഗം പിടിപെടാനുള്ള സാധ്യത ഏറെയാണ്.

ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ഉപയോഗത്തിലുള്ള നിയന്ത്രണമില്ലായ്മയും മറ്റൊരു സാമൂഹിക കാരണമാണ്. ആളുകൾ പരസ്പരം ഇടപഴകാതിരിക്കുകയും സൗഹൃദബന്ധങ്ങളും കുടുംബ ബന്ധങ്ങളും മാതാപിതാക്കളും മക്കളും തമ്മിലുള്ള ഇടപഴകലുകളും വളരെയധികം കുറഞ്ഞത് ആളുകളുടെ ഒറ്റപ്പെടലുകൾക്ക് കാരണമാവുകയും ഇത് വിഷാദരോഗങ്ങൾ അധികരിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു.

വാർധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നതാണ് വയോധികരിൽ കണ്ടുവരുന്ന വിഷാദരോഗത്തിന്റെ പ്രധാന കാരണം. മക്കൾ ജോലിസ്ഥ

ബന്ധമായ ആവശ്യങ്ങൾക്ക് കുടുംബസമേതം വിദേശത്തോ മറ്റോ താമസമാവുകയും വയോധികരായ മാതാപിതാക്കൾ മാത്രം വീട്ടിൽ ഒറ്റപ്പെട്ടുപോവുകയും ചെയ്യുന്നതാണ് ഇതിന്റെ പ്രധാന കാരണം.

**പരിഹാരം**

മറ്റേത് അസുഖങ്ങൾക്കുമെന്നപോലെ മാനസിക രോഗങ്ങൾക്കും പ്രഥമശുശ്രൂഷ നൽകേണ്ടതുണ്ട്. ഒരു വ്യക്തി വിഷാദരോഗത്തിന് അടിമപ്പെടാതിരിക്കാൻ തുടക്കഘട്ടത്തിൽതന്നെ അടുത്ത സുഹൃത്തുക്കൾ അല്ലെങ്കിൽ കുടുംബാംഗങ്ങൾ ശ്രദ്ധയോടെ ഇടപെടേണ്ട ചില കാര്യങ്ങളാണ് മാനസികാരോഗ്യ പ്രഥമശുശ്രൂഷ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

തന്റെ സുഹൃത്ത് അല്ലെങ്കിൽ അടുത്തബന്ധു ഒരു പ്രതിസന്ധി നേരിടുകയും അതിനെ തുടർന്നോ അല്ലെങ്കിൽ അകാരണമായോ മാനസിക സംഘർഷത്തിലാവുകയും ദിവസങ്ങളോളം വിഷാദഭാവത്തിൽ തുടരുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹത്തോട് കാര്യങ്ങൾ അന്വേഷിക്കുക എന്നതാണ് ആദ്യഘട്ടം. പ്രതിസന്ധികളിൽ ഒറ്റപ്പെട്ടു പകച്ചു നിൽക്കുന്ന ഒരാൾക്ക്, തന്നെ കേൾക്കാൻ ഒരാളുണ്ട് എന്നത് വളരെയധികം ആശ്വാസകരമായിരിക്കും.

നമ്മോട് കാര്യങ്ങൾ തുറന്നുസംസാരിക്കാൻ മാത്രമുള്ള അടുപ്പവും വിശ്വാസവും അവർക്ക് ഉണ്ടായിരിക്കുക എന്നത് ഇവിടെ പ്രധാനപ്പെട്ട കാര്യമാണ്.

ശ്രദ്ധയോടെ, മുൻവിധികൾ ഇല്ലാതെ അവർ പറയുന്ന കാര്യങ്ങൾ മുഴുവനായും കേൾക്കുക എന്നതാണ് അടുത്തഘട്ടം. ഇവിടെ അവരുടെ സംസാരം തടസ്സപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. കൂടാതെ അവർ പറയുന്ന കാര്യങ്ങളെ നിസ്സാരമാക്കാതിരിക്കുകയും അവരെ കളിയാക്കാതിരിക്കുകയും കുറ്റപ്പെടുത്താതിരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കാര്യങ്ങൾ മുഴുവനായും കേട്ടതിനുശേഷം അവരുടെ പ്രശ്നം ശരിയാംവിധം മനസ്സിലാക്കുകയും എന്തെങ്കിലും അബദ്ധധാരണകൾ അവരിലുണ്ടെങ്കിൽ തിരുത്തിക്കൊടുക്കുകയും ചെയ്യുക. വികാരങ്ങൾക്ക് അടിമപ്പെട്ട് കാര്യങ്ങളിൽ പക്വമായി ഇടപെടാൻ കഴിയാത്ത പ്രതിസന്ധിഘട്ടത്തിൽ ഒരു സുഹൃത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ വലിയ തിരിച്ചറിവുകൾ ലഭിക്കാൻ ഇടയാക്കും.

മുകളിൽ പറഞ്ഞ പ്രഥമശുശ്രൂഷ കൊടുത്തതിനുശേഷവും ഒരാളിൽ ഡിപ്രഷൻ തുടരുകയാണെങ്കിൽ അദ്ദേഹത്തിന് ചികിത്സ ആവശ്യമായി വരുന്നു. അസുഖത്തിന്റെ തീവ്രതക്കനുസരിച്ച് ചികിത്സാരീതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു.



ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ഉപയോഗത്തിലുള്ള നിയന്ത്രണമില്ലായ്മയും മറ്റൊരു സാമൂഹിക കാരണമാണ്. ആളുകൾ പരസ്പരം ഇടപഴകാതിരിക്കുകയും സൗഹൃദബന്ധങ്ങളും കുടുംബ ബന്ധങ്ങളും മാതാപിതാക്കളും മക്കളും തമ്മിലുള്ള ഇടപഴകലുകളും വളരെയധികം കുറഞ്ഞത് ആളുകളുടെ ഒറ്റപ്പെടലുകൾക്ക് കാരണമാവുകയും ഇത് വിഷാദരോഗങ്ങൾ അധികരിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു.

**PSYCHOTHERAPY**

ചെറിയ രീതിയിലുള്ള ഡിപ്രഷൻ കേസുകളിൽ വിവിധ തെറാപ്പികൾവഴി അവരുടെ ചിന്താവൈകല്യങ്ങളെ തിരിച്ചറിഞ്ഞ് തിരുത്തിക്കൊടുക്കുക, ജീവിത ചുറ്റുപാടുകളെ ഉൾക്കൊണ്ട് ജീവിക്കാൻ സഹായിക്കുക തുടങ്ങിയ കാര്യങ്ങളാണ് psychotherapy കൊണ്ട് സാധ്യമാകുന്നത്.

Cognitive therapy, behavioral therapy, dialectical behavioural therapy, interpersonal therapy എന്നിവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

**MEDICINE**

Moderate to severe രോഗാവസ്ഥകളിൽ മരുന്നുകൾ കഴിക്കേണ്ടതായിവരുന്നു. തലച്ചോറിലുള്ള രാസപദാർഥങ്ങളുടെ ഏറ്റക്കുറച്ചിലുകളെ സന്തുലിതപ്പെടുത്തുകയാണ് ഈ മരുന്നുകൾ ചെയ്യുന്നധർമം. രോഗം ഭേദമാകുന്നതിനനുസരിച്ച് ഡോക്ടറുടെ നിർദേശപ്രകാരം ഈ മരുന്നുകളുടെ അളവുകൾ കുറച്ചു വരികയും പിന്നീട് മുഴുവനായും നിർത്തുകയും ചെയ്യാവുന്നതാണ്.

*(അവസാനിച്ചില്ല)*





ഹന്ന മുഹമ്മദ്
പറളി

# വല്ല്യുമ്മ നൽകിയ തണൽ

വല്ല്യുമ്മയാണെങ്കിലും ഉമ്മയെന്ന് വിളിച്ചാണ് ശീലം. ഓർമ വെച്ച നാൾ മുതലേ ക്വുർആൻ പാരായണവും വായനയുമായി ദിവസം മുഴുവൻ സജീവമാകുന്നൊരാൾ. സലഫീ ആദർശത്തിലേക്ക് കടന്നുവരും മുമ്പ് വിശേഷദിവസങ്ങളിലും അല്ലാതെയും മൗലിദിന്റെയും മാലപ്പാട്ടുകളുടെയും വരികൾ പുണ്യം പ്രതീക്ഷിച്ചു വളരെ ഭക്തിയോടെ ഉമ്മ ചൊല്ലുന്നത് കേട്ടിട്ടുണ്ട്. ഒന്ന് വീഴാൻ പോകുമ്പോഴേക്കും 'ബദ്‌രീങ്ങളേ' എന്ന് വിളിച്ചിരുന്നു. ഏകനായ സ്രഷ്ടാവിനെ മാത്രമെ ആരാധിക്കാവൂ, അവനോടു മാത്രമെ വിളിച്ചു പ്രാർഥിക്കാവൂ എന്ന സത്യവെളിച്ചം ലഭിച്ചതിൽ പിന്നെ മൗലിദ് കിതാബുകളെല്ലാം ഒഴിവാക്കി. ഇസ്‌ലാമിക പ്രമാണങ്ങൾ ക്വുർആനും സുന്നത്തുമാണെന്നത് മനസ്സിലാക്കി; അവ പഠിക്കുവാൻ തുടങ്ങി.

എപ്പോഴും ഉമ്മാക്ക് എന്തെങ്കിലും വായിക്കാൻ ഉണ്ടാവും. ക്വുർആൻ പഠന ക്ലാസുകൾ ഒഴിവാക്കില്ല. ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കുന്നത് ശീലമാക്കി. അതിൽനിന്നും ഉൾക്കൊണ്ട അറിവ് ഞങ്ങൾക്ക് പകർന്നുതരാൻ വലിയ ആവേശമായിരുന്നു.

ഒരു ആക്സിഡന്റിൽ പെട്ട് ഉമ്മയുടെ ഓർമശക്തിക്ക് മങ്ങലേറ്റു. അതുവരെയും ഏതെങ്കിലും കാര്യങ്ങൾ അറിയണമെങ്കിൽ ഉമ്മയോട് ചോദിക്കുമായിരുന്നു; ഉമ്മ ആ കാര്യം കേട്ടിട്ടുണ്ടോ? അതെവിടെയാണ് വായിച്ചത്...? മിക്ക ചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടി കിട്ടുമായിരുന്നു.

ഓർമയുടെ താളം തെറ്റിയശേഷവും ഞാൻ ഇടയ്ക്ക് വല്ലതും ചോദിക്കും. 'ഉമ്മാക്ക് ഓർമ്മല്ല മാളെ' എന്ന നിരാശ കലർന്ന മറുപടിയാണ് ലഭിക്കുക.

ഓർമകൾ ഇല്ലാതായിപ്പോയപ്പോൾ സ്വയം അതിൽനിന്നും പുറത്തുകടക്കാൻ പരിശ്രമിച്ചിരുന്നു; വായിച്ചും പഠിച്ചും ക്വുർആൻ, അദ്കാർ പാരായണങ്ങളിൽ മുഴുകിയും സമയം ചെലവഴിക്കും.

ഉമ്മ സ്ഥിരം ചൊല്ലിയിരുന്ന ഒരു അദ്കാർ പുസ്തകമുണ്ട്. അതൊരിക്കൽ കാണാതായപ്പോൾ ഭയങ്കര വിഷമമായിരുന്നു. അതിന്റെ പുറംചട്ട ഉപയോഗിച്ചു ദ്രവിച്ചുപോയിരുന്നു. വേറെ അദ്കാർ ബുക്ക് തരാമെന്ന് പറഞ്ഞിട്ടും അതുതന്നെ വേണമെന്ന് നിർബന്ധം! അവസാനം അത് കിട്ടിയപ്പോഴുള്ള ഒരു സന്തോഷമുണ്ട്...!

ഒരുപാട് സൂറത്തുകൾ, ദിക്റുകൾ മനഃപാഠമുണ്ടായിരുന്നു. പിന്നീടതെല്ലാം ഓർമയുടെ അറയിൽനിന്ന് മാഞ്ഞുപോയി. അന്നേരം നിരാശപ്പെടാതെ ഉമ്മ നോക്കി പാരായണം ചെയ്യും. ഒന്ന് വയ്യാണ്ടായാൽ ഉമ്മാടടുത്തു പോയിരുന്നാൽ ദിക്റുകൾ ചൊല്ലി കൈകൊണ്ട് ഒന്ന് തടവിത്തരും. അപ്പോൾ വല്ലാത്തൊരു ആശ്വാസം കിട്ടുമായിരുന്നു.

എന്റെ രണ്ട് ഗർഭകാലങ്ങളിലും ഉമ്മയുണ്ടായിരുന്നു വീട്ടിൽ. രാത്രിയുടെ നിശ്ശബ്ദതയിൽ പലപ്പോഴും വല്ലാത്ത പ്രയാസത്തിന്റെ അവസ്ഥയിൽ എന്റെ ഞെരക്കം കേട്ട് ഉമ്മ അടുത്തുവന്ന് തടവിത്തന്നിട്ടുണ്ട്. അന്നേരം എനിക്ക് ലഭിച്ചിരുന്ന ആശ്വാസം പറഞ്ഞറിയിക്കാൻ സാധ്യമല്ല.

തലോടാൻ, ആശ്വസിപ്പിക്കാൻ, സംശയങ്ങൾ തീർത്തുതരാൻ ഇന്ന് ഉമ്മ ഞങ്ങളോടൊപ്പമില്ല. ഉമ്മയുടെ ക്വുർആൻ പാരായണത്തിന്റെയും ദിക്ർ ചൊല്ലലിന്റെയും പതിഞ്ഞ ശബ്ദം വീടിന്റെ അകത്തളങ്ങളിൽ പ്രസരിക്കുന്നില്ല. കർമഫലത്തിന്റെ ലോകത്ത് അവർ എത്തിച്ചേർന്നു. നിറയുന്ന കണ്ണുകളോടെ, വിതുമ്പുന്ന ചുണ്ടുകളോടെ ഉമ്മാക്കു വേണ്ടി പ്രാർഥിക്കുന്നു. അതാണല്ലോ ഇനി ചെയ്യാൻ കഴിയുന്ന കാര്യം.



# ഉമ്മമാർ അറിയാൻ

ബിസ്മിത എം
തിരുവനന്തപുരം
(സൽസബീൽ അറബിക്കോളേജ്, വെങ്കിടങ്ങ്)

ഒരു സ്ത്രീയുടെ ജീവിതത്തിലെ വിലമതിക്കാനാവാത്ത അനുഗ്രഹമാണ് അവൾ മാതാവായിത്തീരുക എന്നത്. ഒരു സ്ത്രീ മാതാവെന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിറവേറ്റുമ്പോൾ അവൾക്ക് സ്രഷ്ടാവിങ്കൽനിന്ന് ലഭിക്കുന്ന പ്രതിഫലം ചെറുതല്ല.

സന്താനങ്ങൾ അനുഗ്രഹമാണ്. എന്നാൽ സന്താനങ്ങൾ ജനിക്കുന്നതിന് മുമ്പുതന്നെ പെൺകുഞ്ഞ് വേണം, ആൺകുഞ്ഞ് മതി എന്നിങ്ങനെയുള്ള തീരുമാനങ്ങളും, അബോർഷൻ ചെയ്യാനുള്ള ചിന്തയും ഒരിക്കലും ഉണ്ടായിക്കൂടാ.

അല്ലാഹുവിന്റെ അനുഗ്രഹമായ സന്താനത്തെ ഗർഭം ധരിച്ചാൽ പിന്നെ അത് ആണായിരുക്കുമോ പെണ്ണായിരിക്കുമോ എന്നൊക്കെ ചിന്തിച്ച് അസ്വസ്ഥരാകാതെ ആരോഗ്യമുള്ള, സ്വാലിഹായ കുഞ്ഞിനെ നൽകണേ എന്നു പ്രാർഥിക്കുകയാണ് വേണ്ടത്.

മാതാവായിക്കഴിഞ്ഞാൽ അല്ലാഹു നൽകിയ അനുഗ്രഹമായ സന്താനത്തെ ഏറ്റവും നല്ല രീതിയിൽ വളർത്തുവാനായിരിക്കണം ശ്രദ്ധ. പേരിടുന്നതു മുതൽ കുഞ്ഞിന്റെ എല്ലാകാര്യങ്ങളിലും മതപരമായ ശ്രദ്ധ വേണം. പ്രായത്തിനനുസരിച്ച് അവർക്കു വേണ്ട സ്നേഹവും ലാളനയും പരിഗണനയും ശാസനയും ഉപദേശങ്ങളും യഥാസമയം നൽകണം.

ഇഷ്ടമുള്ള ഭക്ഷണം നൽകലും ആഗ്രഹങ്ങളെല്ലാം നിറവേറ്റിക്കൊടുക്കലും ഭൗതികമായ വിദ്യാഭ്യാസം നൽകലുമൊക്കെയാണ് മക്കളോടുള്ള യഥാർഥ സ്നേഹമെന്നാണ് പല മാതാപിതാക്കളും കരുതുന്നത്. അതുകൊണ്ടൊന്നും മക്കൾ അനുസരണയുള്ളവരും സൽസ്വഭാവികളുമായി മാറില്ലെന്നും മതപരമായ അറിവാണ് അനിവാര്യമെന്നും അവർ മനസ്സിലാക്കുന്നില്ല. എന്നാൽ മതത്തിന്റെ പേരിൽ ഒരു സ്വാതന്ത്ര്യവും നൽകാതെ, ഭൗതികവിദ്യാഭാസം നൽകാതെ മക്കളുടെ ഭാവിയെ ഇരുളടഞ്ഞതാക്കുന്ന പ്രവണതയും പാടില്ല.

സൽകർമികളായ മക്കളെ വളർത്തിയെടുക്കാൻ ഒരു മാതാവിനെപ്പോലെ ആർക്കാണ് സാധിക്കുക? നബി(സ്വ) പറഞ്ഞു: "നിങ്ങളെല്ലാവരും ഭരണകർത്താക്കളാകുന്നു. തങ്ങളുടെ പ്രജകളെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. നേതാവ് ഭരണകർത്താവാണ്, തന്റെ പ്രജകളെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടും. ഒരു പുരുഷൻ തന്റെ വീട്ടിലെ ഭരണകർത്താവാണ്, തന്റെ കീഴിൽ ജീവിക്കുന്നവരെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടും, ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ വീട്ടിലെ ഭരണകർത്താവാകുന്നു. അവളുടെ ഭരണീയരെ സംബന്ധിച്ചവൾ ചോദ്യം ചെയ്യപ്പെടുന്നതാണ്..." (ബുഖാരി, മുസ്‌ലിം).

വീട് ഭരിക്കുന്ന സ്ത്രീക്കാണ് കുട്ടികളുമായി കൂടുതൽ സമയം ഇടപഴകാൻ അവസരം കിട്ടുക. അവളുടെ ചിറകിനടിയിലാണ് മക്കൾ വളർന്നു വലുതാകുന്നത്. അവളുടെ ഉത്തരവാദിത്തം വലുതാണ്. മക്കൾക്കിടയിൽ പ്രകടമായ വേർതിരിവു കാട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നബി(സ്വ) പറഞ്ഞു:

"നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതിപാലിക്കുക" (ബുഖാരി, മുസ്‌ലിം). സമ്മാനം കൊടുക്കുമ്പോഴും മറ്റെല്ലാ കാര്യങ്ങളിലും മക്കൾക്കിടയിൽ നീതി പാലിക്കാൻ ശ്രദ്ധിക്കണം. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാക്കി മക്കളെ വളർത്തുക എന്നത് അതിപ്രധാനമാണ്.

"എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ക്വുർആൻ 31:13). ഇതുപോലെ മക്കളെ ഉപദേശിക്കാൻ നമ്മളും സമയം കണ്ടെത്തേണ്ടതുണ്ട്.

മുഹമ്മദ് സിയാദ്
വാരണാക്കര

# മാറണം, മാറ്റണം ഈ വിദ്യാഭ്യാസരീതി



വിഖ്യാതശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീനോട് ഒരിക്കലൊരാൾ അദ്ദേഹത്തിന്റെ ഫോൺ നമ്പർ ചോദിച്ചു. എക്കാലത്തെയും മികച്ച ബുദ്ധിജീവികളിൽ ഒരാളായ ആൽബർട്ട് സ്വന്തം ഫോൺ നമ്പർ തനിക്ക് മനഃപാഠമല്ലെന്ന് പറഞ്ഞതും ചോദ്യകർത്താവ് അത്ഭുതപ്പെട്ടുപോയി! ആൽബർട്ട് തുടർന്നു പറഞ്ഞു:

“ആവശ്യം വരുമ്പോഴെല്ലാം എളുപ്പത്തിൽ എടുക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തിന് ഞാൻ മനഃപാഠമാക്കണം?”

ഈ വാക്കുകൾ വർത്തമാന കാലത്ത് ഏറെ പ്രസക്തമാണ്. ഒരുപക്ഷേ, ആൽബർട്ട് തന്നെയായിരിക്കും വിദ്യാഭ്യാസത്തിന് ഏറ്റവും നല്ല നിർവചനം നൽകിയത്. അത് ഇങ്ങനെയാണ്: “വിദ്യാഭ്യാസം എന്നത് കേവലം ചില വസ്തുതകൾ മനഃപാഠമാക്കുന്നതല്ല, മറിച്ച് ചിന്തിക്കാനുള്ള മനസ്സിന്റെ പരിശീലനമാണ്.”

പുസ്തകങ്ങളിൽനിന്നും ഇന്റർനെറ്റിൽനിന്നും ആവശ്യമായ കാര്യങ്ങൾ വളരെ എളുപ്പത്തിലും വേഗത്തിലും തിരഞ്ഞെടുക്കാവുന്ന അവസ്ഥയിലേക്ക് കാലം എത്തിനിൽക്കുമ്പോഴും ടെക്സ്റ്റ്ബുക്കിൽ നൽകിയ ചില കാര്യങ്ങൾ മനഃപാഠമാക്കി അതേപോലെ ഉത്തരപ്പേപ്പറിൽ പകർത്തി പരീക്ഷ പാസ്സാവുക എന്ന രീതിതന്നെയാണ് ഇവിടെ നിലനിൽക്കുന്നത്. അൽപം ചില മാറ്റങ്ങളേ ഈ രംഗത്ത് വന്നിട്ടുള്ളൂ.

എന്താണ് വിദ്യാഭ്യാസം കൊണ്ട് പ്രാഥമികമായി ലക്ഷ്യം വയ്ക്കേണ്ടത്? ക്രിയാത്മകതയെയും ചിന്താശേഷിയെയും വിക

സിപ്പിക്കുകയും സമൂഹത്തിന് ദോഷം ചെയ്യാത്ത, ഗുണമുള്ളവരായ, ആത്മബോധവും ധൈര്യവും മനക്കരുത്തുമുള്ള പൗരന്മാരെ വാർത്തെടുക്കുക എന്നതാകണം പ്രാഥമികലക്ഷ്യം. എന്നാൽ ഇതിനായുള്ള പ്രവർത്തങ്ങളും മാർഗനിർദേശങ്ങളും പാഠപുസ്തകത്തിൽനിന്ന് കണ്ടെത്താൻ സാധ്യമല്ല. ഉയർന്ന മാർക്കു വാങ്ങി ഐഐടികളിൽ എത്തിയ വിദ്യാർഥികൾ പോലും സ്വയം ജീവനൊടുക്കുന്നതും വളരെ വിദ്യാസമ്പന്നരായ ആളുകൾ പോലും വർഗീയതയുടെയും അന്ധവിശ്വാസങ്ങളുടെയും അടിമകളാകുന്നതും ഇവിടുത്തെ വ്യവസ്ഥക്ക് കിട്ടുന്ന കരണത്തടിയാണ്.

സ്വഭാവരൂപീകണത്തിന്റെ കാര്യത്തിൽ സ്കൂൾ സിലബസിന്റെ പരാജയം കണ്ടില്ലെന്നു നടിക്കാം; പക്ഷേ, ചിന്തിക്കാനുള്ള കഴിവിനെ വളർത്താൻ കഴിയാത്തത് ഒരിക്കലും അവഗണിക്കാൻ കഴിയില്ല. നിലവാരം കുറഞ്ഞതും അശാസ്ത്രീയവുമായ പാഠഭാഗങ്ങൾ യഥാർഥത്തിൽ വിദ്യാർഥികളുടെ ബുദ്ധിയെ മരവിപ്പിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിൽ ഒരിക്കലെങ്കിലും ‘ഞാൻ ഇതെന്തിനാണ് പഠിക്കുന്നത്’ എന്ന സംശയം ഉണ്ടാകാത്ത വിദ്യാർഥികൾ വിരളമാണ്. കാലം മാറുന്നതിനൊത്ത് വിദ്യാർഥികൾ പുതിയ മേഖലകളിലേക്ക് പോകണം എന്നാഗ്രഹിക്കുന്നത് മിക്കപ്പോഴും ഒരു ട്രെൻഡിന്റെ ഭാഗം മാത്രമായാണ്. അത്തരത്തിൽ ഒരു ട്രെൻഡ് ആണ് എഐ പഠിക്കണം എന്ന ആഗ്രഹവും എന്ന് വേണമെങ്കിൽ പറയാം.

മനഃപാഠമാക്കുന്നതിന് പകരം പഠിക്കുന്ന കാര്യം നന്നായി മനസ്സിലാക്കുകയും അതെങ്ങനെ, എവിടെ ഉപയോഗിക്കണം എന്ന ധാരണ ഉണ്ടാക്കുകയുമാണ് വേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ, കാര്യം

സ്കൂളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകാതിരിക്കാനോ, അല്ലെങ്കിൽ വലിയൊരു വിഭാഗം കൗമാരകാരെ സമൂഹത്തിൽ പ്രതിസന്ധി ഉണ്ടാക്കുന്ന രീതിയിൽ തുറന്നുവിടാതെ പിടിച്ചിരുത്താനോ വേണ്ടി മാത്രം രൂപകല്പന ചെയ്തൊരു വ്യവസ്ഥയാണ് സർക്കാർ പിന്തുടരുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാർക്ക് വാരിക്കോരി കൊടുത്തുകൊണ്ട്, എല്ലാവരെയും ജയിപ്പിച്ചുകൊണ്ട് കുട്ടികളെ പറ്റിക്കുന്ന സിസ്റ്റമാണ് ഇവിടെയുള്ളത്. സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും സിബിഎസ്ഇ സിലബസിൽ പഠിച്ചവരും പ്രധാന എൻട്രൻസ് ടെസ്റ്റുകളിൽ നടത്തിയ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പിച്ചു പറയാം; നമ്മൾ വളരെ പിന്നിലാണെന്ന്.

നന്നായി മനസ്സിലാക്കുക, ഉപയോഗിക്കാൻ പഠിക്കുക. ചരിത്രത്തിൽ നടന്ന സംഭവങ്ങൾ പഠിക്കുമ്പോൾ, അത് എന്തായിരുന്നെന്നും എന്തിനായിരുന്നെന്നും വ്യക്തമായി പഠിക്കുന്നതിനും അതിൽനിന്ന് പാഠം ഉൾക്കൊള്ളുന്നതിനും പകരം, അത് നടന്ന ദിവസവും മാസവും വർഷവും കാണാതെ പഠിക്കുന്നതിനോട് എത്ര കാലം എ.ഐ കാലത്തെ വിദ്യാർഥികൾ ഒത്തുപോകും? അത് പഠിച്ചതുകൊണ്ട് എന്താണ് ഉപകാരമുള്ളത്? അതിന്റെ ആവശ്യമെന്താണ്? ജീവിതത്തിൽ എപ്പോഴെങ്കിലും ആവശ്യം വന്നാൽതന്നെ നിമിഷങ്ങൾ കൊണ്ടുതന്നെ ഇന്റർനെറ്റിൽ സെർച്ച് ചെയ്താൽ ഉത്തരം കിട്ടുകയും ചെയ്യും. എന്താണെന്നും എങ്ങനെ ഉപയോഗിക്കാമെന്നും നന്നായി പഠിക്കുന്നവർക്കാണ് ഇനിയുള്ള അവസരങ്ങൾ. ആവശ്യമായ മാറ്റം വരുത്താതെ ഇനിയും പഴയരീതി തുടർന്നുപോയാൽ ഇവിടുത്തെ വിദ്യാർഥികൾ പിന്നിലായി പോകുമെന്ന കാര്യത്തിൽ സംശയമില്ല,

സ്കൂളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകാതിരിക്കാനോ, അല്ലെങ്കിൽ വലിയൊരു വിഭാഗം കൗമാരക്കാരെ സമൂഹത്തിൽ പ്രതിസന്ധി ഉണ്ടാക്കുന്ന രീതിയിൽ തുറന്നുവിടാതെ പിടിച്ചിരുത്താനോ വേണ്ടി മാത്രം രൂപകല്പന ചെയ്തൊരു വ്യവസ്ഥയാണ് സർക്കാർ പിന്തുടരുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മാർക്ക് വാരിക്കോരി കൊടുത്തുകൊണ്ട്, എല്ലാവരെയും ജയിപ്പിച്ചുകൊണ്ട് കുട്ടികളെ പറ്റിക്കുന്ന സിസ്റ്റമാണ് ഇവിടെയുള്ളത്. സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും സിബിഎസ്ഇ സിലബസിൽ പഠിച്ചവരും പ്രധാന എൻട്രൻസ് ടെസ്റ്റുകളിൽ നടത്തിയ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പിച്ചു പറയാം; നമ്മൾ വളരെ പിന്നിലാണെന്ന്.

ഓരോ പാഠഭാഗം കഴിയുമ്പോഴും ചില ചോദ്യങ്ങൾ കാണിച്ചുകൊണ്ട് ‘ഇത് ഉറപ്പായും ചോദിക്കുന്ന ചോദ്യമാണ്.’ ‘രണ്ടുതവണ ചോദിച്ച ചോദ്യമാണ്,’ ‘കഴിഞ്ഞ തവണ ചോദിച്ച ചോദ്യമാണ്’ എന്നൊക്കെ പറയുന്ന, ഞാൻ തരുന്ന ചോദ്യം മാത്രം പഠിച്ചാൽ മതി; അത് മാത്രമെ ചോദിക്കൂ എന്നൊക്കെ കുട്ടികൾക്ക് ഉറപ്പുകൊടുക്കുന്ന രീതി മാറേണ്ടതില്ലേ?

ഐൻസ്റ്റീൻ പറഞ്ഞ ചിന്താർഹമായ മറ്റൊരു കാര്യംകൂടി കാണുക: “സ്കൂളിൽനിന്ന് പഠിച്ചതെല്ലാം മറന്നതിനു ശേഷം എന്തൊക്കെയാണോ മനസ്സിൽ തങ്ങിനിന്നത്, അതൊക്കെയാണ് നിങ്ങൾ പഠിച്ചത്.”



# പരലോക ചിന്തകൾ

വെള്ളില പി.പി. അബ്ദുല്ല

അല്ലാഹുവിൻ നാമം മഹത്തരമാണേ
ആ നാമമിൽ ഞാൻ കൃതി തുടങ്ങുകയാണേ
സ്തോത്രങ്ങളഖിലം അവനുതന്നെയാണേ
അവനോ പ്രപഞ്ചത്തിന്റെ അധിപനുമാണേ
തിരുനബിയിലായ് ചൊല്ലുന്നു ഞാൻ സ്വലാത്ത്
അവിടന്നുതന്നെ മൊഴിഞ്ഞ, ആ സ്വലാത്ത്
ഇബ്റാഹീം നബിയുടെ പേരിലുള്ള സ്വലാത്ത്
ഗുണം പലത് നേടിത്തന്നിടും സ്വലാത്ത്
പരലോക വിശ്വാസത്തിനായ് ചില ഇൽമുകൾ
എൻ സോദരർക്ക് പകർന്നിടാം ചില നേരുകൾ
'നാഥാ, അതിന്നായ് നീ തുണ, ദയ്യാനേ
നീ മാത്രമാ എനിക്കാശ്രയിക്കാൻ കോനേ
കാര്യങ്ങൾ സ്വന്തം ചെയ്തിടാൻ കഴിയാത്ത
കേട്ടുത്തരം നൽകാൻ കഴിവില്ലാത്ത
സൃഷ്ടികളോട് ഞാൻ ദുആ ചെയ്യില്ല
സ്രഷ്ടാവിൽ പങ്ക് ചേർത്തിടുകയില്ല
അല്ലാഹുവേ, നീ മാത്രമാണേ എൻ തണി
അതിനായി നിന്നിലേക്കുയർത്താം പാണി.'
എൻ സോദരാ, അല്പം സമയം നൽകുമോ,
ഞാൻ ചൊല്ലിടുന്നത് ശ്രദ്ധയോടെ കേൾക്കുമോ?

ഒരുനാൾ മരണം നിന്നെ തേടി എത്തിടും
ഓർത്തോ അതന്ന് നിന്നെ കൊണ്ടുപോയിടും
നാഥൻ നിനക്ക് വിധിച്ച സമയം വന്നാൽ
നീട്ടില്ലൊരല്പം പോലും സമയം എന്നാ
ഏതാണു ദേശം അവൻ നിനക്കു വിധിച്ചത്
അങ്ങോട്ട് നീ എത്തും അതിൻ നേരത്ത്
അവിടന്നുതന്നെ മലകുൽ മൗത്ത് വന്ന്
ആത്മാവുമായി പോയിടും അവിടന്ന്
ഈ ആശയം നൽകുന്ന വചനം വന്നതാ
തിരുദൂതരന്ന് മൊഴിഞ്ഞതായ് കാണുന്നതാ
ഒരു പാട് ഗ്രന്ഥങ്ങൾ എടുത്ത് കൊടുത്തതാ
ത്വബ്റാനി തന്നിൽ ഇവ്വിധം കുറിച്ചതാ
ചുമരിൽ കറങ്ങും ക്ലോക്കിലേക്കു നീ
നോക്കുമോ,
നിൻ മരണ സമയം നിന്നെതേടി വരുന്നുവോ?
നിൻ വീടിൻ ചുമരിൽ തൂങ്ങിയാടും കലണ്ടറിൽ
നിൻ മരണ തീയതി ചേർത്തുവോ
എന്നറിയുമോ?
നീ വാങ്ങിക്കൂട്ടി സംഭരിച്ചവയൊക്കെയും
അവകാശികൾ വീതിച്ചിടും അത് ഓർത്തുവോ?
ആത്മാവ് തന്നു നിനക്കു റബ്ബ് ദാനമായ്
അതിന്നു പാർക്കാൻ ദേഹവും സൗജന്യമായ്.
നീ നിന്റെ വീട്ടിൽ വളർത്തി നല്ലൊരു പക്ഷി
അമൂല്യമാണത് സുന്ദരിപ്പൊൻ പക്ഷി
നീ നൽകിയില്ല അതിനു ഭക്ഷണമൊന്നും
പകരം നീ നന്നാക്കുന്നു കൂടിനെയെന്നും
ദിനങ്ങൾ കഴിഞ്ഞാൽ പക്ഷി ചാകും നിശ്ചയം
പിന്നെയാ കൂട് നിനക്ക് പാഴ് വസ്തുവാം
നീ ഇത്രകാലം ജോലി ചെയ്തത് എന്തിനാ,
പാഴ്വസ്തുവായ് ഒഴിവാക്കിടുന്നൊരു കൂടിനാ?
അതുതന്നെയല്ലേ സോദരാ, നിൻ ജീവിതം?
ദേഹത്തിനായ് ജീവിക്കയല്ലേ ഈ വിധം?
അമൂല്യമാം ദേഹിക്കു വേണ്ടവയൊന്നും
നൽകാതെയല്ലേ ജീവിതം നിനക്കെന്നും?
'റബ്ബേ അതിൽനിന്നും കര നീ കേറ്റണേ
ദേഹിക്കു ഊർജം നൽകുവാൻ വിധിയേകണേ
നീ നിന്റെ ഔദാര്യത്തിലതു നൽകേണേ
നഷ്ടത്തിൻനിന്നും എന്നെ നീ കാക്കേണേ
ഞാൻ ചെയ്തു നാഥാ, അക്രമം കൂമ്പാരമായ്
നീ നൽകിടേണേ മാപ്പതിന്നോശാരമായ്
കഴിയില്ല നാഥാ, നിന്റെ ശിക്ഷ താങ്ങുവാൻ
കരുണക്കു വേണ്ടി കെഞ്ചിടുന്നു പാപി ഞാൻ

*(തുടരും)*

Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# പുറത്തിറങ്ങി

**ഫലസ്തീനിന്റെയും യഹൂദരുടെയും**
**ചരിത്രവും വർത്തമാനവും**
**പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന**

WISDOM BOOKS

## യഹൂദരും ഫലസ്തീനും
### ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




اليهود و فلسطين
في التاريخ والكتب المقدسة

ഓൺലൈനിൽ ബുക്ക് ചെയ്യുന്നവർക്ക് **200 രൂപ**യുടെ പുസ്തകം **വെറും 160 രൂപ**ക്ക്

ORDER NOW

പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

*Parcel Charge Extra

http://www.wisdombooksonline.com

+91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
20 JULY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

To the right goal
Through the right path

28th

WISDOM

# PROFESSIONAL STUDENTS GLOBAL CONFERENCE

11 12 13

OCTOBER 2024

THIRUVANANTHAPURAM

Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents